# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പയ്യന്നൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
**670001**

ഇ-മെയിൽ: **doknr.ksad@kerala.gov.in**
ഫോൺ : **0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/ കെഎൻആർ /ബി3 /94 /2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 28/03/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പയ്യന്നൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(AIMS)
സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്,കണ്ണൂർ
ഓഫീസ് കോപ്പി

നമ്പർ: കെഎസ്എ/ കെഎൻആർ /ബി3 /94 /2025 തീയ്യതി: 28/03/2025

**കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-01-2024 മുതൽ 05-01-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രമ രാജൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-01-2025 | 21-01-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-01-2025 | 21-01-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ.വി.ലളിത | ചെയർപേഴ്സൺ | 01-04-2023 | 31-03-2024 |
| ശ്രീ.ഗിരീഷ് .എം.കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

# <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീന.കെ.വി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.ഷീബ.യു | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീ.പ്രജീഷ് ലാൽ.പി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ചിത്രലേഖ.എ.പി | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.വിഭ.വി | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.ഉണ്ണി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.സുരേഷ് കുമാർ.സി | ഹെൽത്ത് ഓഫീസർ | 01-04-2023 | 14-07-2023 |
| ശ്രീ.എ.വി.മധുസൂദനൻ | ഹെൽത്ത് ഓഫീസർ | 15-07-2023 | 31-03-2024 |
| ഡോ.ബീനകുമാരി.എസ് | മെഡിക്കൽ ഓഫീസർ(ആയൂർ വേദം) | 01-04-2023 | 10-08-2023 |
| ഡോ.ജ്യോതി.ജെ | മെഡിക്കൽ ഓഫീസർ(ആയൂർ വേദം) | 11-08-2023 | 31-03-2024 |
| ശ്രീമതി.വസുമതി.കെ.കെ | ഹയർ സെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പൽ | 01-04-2023 | 30-06-2023 |
| ശ്രീ.ബാബു.കെ.വി | ഹയർ സെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പൽ | 01-07-2023 | 31-03-2024 |
| ശ്രീ.ശ്രീകാന്ത്.ടി.വി | വ്യവസായ വികസന ഓഫീസർ | 01-04-2023 | 22-06-2023 |
| ശ്രീമതി.സ്മിത.കെ.കെ | വ്യവസായ വികസന ഓഫീസർ | 23-06-2023 | 31-03-2024 |
| ഡോ.ജീവൻലാൽ.സി.കെ | മെഡിക്കൽ ഓഫീസർ(താലൂക്ക് ഹോസ്പിറ്റൽ) | 01-04-2023 | 29-03-2024 |
| ഡോ.വി.വി.ആശ | മെഡിക്കൽ ഓഫീസർ(താലൂക്ക് ഹോസ്പിറ്റൽ) | 30-03-2024 | 31-03-2024 |
| ശ്രീമതി.രേണുക.എം | ഹെഡ് മാസ്റ്റർ(എൽ.പി.എസ്) | 01-04-2023 | 31-05-2023 |
| ശ്രീ.സതീശൻ എരമംഗലം | ഹെഡ് മാസ്റ്റർ(എൽ.പി.എസ്) | 01-06-2023 | 31-03-2024 |
| ശ്രീ.നാരായണൻ പുതിയ | ഹെഡ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| വീട്ടിൽ | മാസ്റ്റർ(ഹൈസ്ക്കൂൾ) | | |
| ഡോ. സന്തോഷ് കുമാർ കെ.വി. | വെറ്റിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി പ്രീത എൻ.വി | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ | 01-04-2023 | 26-07-2023 |
| ശ്രീ.സുരേഷ് പി.കെ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ | 27-07-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കെ.സ്മാർട്ട് സോഫ്റ്റ് വെയർ - സാംഖ്യ സോഫ്റ്റ് വെയർ ഡാറ്റ സംയോജനം- അപാകങ്ങൾ | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-4 |
| 6 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ഐ6 ഷെഡ്യൂൾ പ്രകാരമുള്ള തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായി ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിട്ടില്ല . | 1-1-7 |
| 9 | സ്ഥിരനിക്ഷേപത്തിലെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | I-18 ഷെഡ്യൂളിൽ Prior Period Items എന്ന ഹെഡിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-11 |
| 13 | ബാങ്ക്പാസ് ബുക്ക് ബാലൻസ്(HUDCO LOAN ) - റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തൽ പാസ് ബുക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല . | 1-1-13 |
| 15 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല . | 1-1-14 |
| 16 | ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവ് തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | ഹെൽത്ത് ഗ്രാന്റ് -വരവ് തുക ട്രയൽ ബാലൻസ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 20 | ഫണ്ട് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമപദ്ധതികൾ | 1-7 |
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| 26 | വാർഡ് സഭ | 1-10 |
| 27 | വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-11 |
| 28 | നികുതി/ഫീസ് ഇനങ്ങളിൽ വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു | 1-12 |
| 29 | 2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പുതുക്കിയ നികുതി നിരക്ക് ഈടാക്കുന്നതിലുണ്ടായ വീഴ്ച | 1-13 |
| 30 | അനധികൃത നിർമ്മാണം - തുടർനടപടികൾ സംബന്ധിച്ച് | 1-14 |
| 31 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ | 1-15 |
| 32 | വിനോദ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ | 1-16 |
| 33 | ഐ ബി പി എം എസ് സോഫ്റ്റ് വെയർ മുഖേന കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-17 |
| 34 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-18 |
| 35 | സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (സർക്കാർ,എയ്ഡഡ് ഒഴികെയുള്ളവ) വസ്തു നികുതി | 1-19 |
| 36 | സ്വിമ്മിംഗ് പൂളുകൾ, ടർഫുകൾ, ജിംനേഷ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 1-20 |
| 37 | വാടക ഈടാക്കുന്നതിലെ അപാകം | 1-21 |
| 38 | സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-22 |
| 39 | ഇൻഫർമേഷൻ കേരള മിഷൻ വിഹിതം നൽകൽ, ഐ കെ എം മെമ്പർ ഷിപ്പ് ഫീ - വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല - ₹3389230 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 40 | എസ് എസ് കെ വിഹിതം നൽകൽ - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. | 1-24 |
| 41 | ഇ-പേയ്മെന്റ്-കറണ്ട് അക്കൗണ്ടിൽ നിന്നും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് വരവ് തുക മാറ്റുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. | 1-25 |
| 42 | ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.2,43,858/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 43 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.₹8,40,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 44 | ഓണം ഫെസ്റ്റിവൽ അഡ്വാൻസ്- തിരികെ ഈടാക്കിയിട്ടില്ല. | 1-28 |
| 45 | പയ്യന്നൂർ അർബൻ വെൽനസ് സെന്റർ-പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി- ₹75979-യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-29 |
| 46 | കെ എസ് ഇ ബി - ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. 4420623/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 47 | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല - 3750000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-31 |
| 48 | എ ബി സി പ്രോഗ്രാം- ജില്ലാ പഞ്ചായത്തിന് നഗരസഭാവിഹിതം കൈമാറൽ- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 49 | ഇൻസിനറേറ്റർ പ്രവർത്തനക്ഷമമല്ല - ₹ 48850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |

| | | |
|---|---|---|
| 50 | പെരുമ്പ ഫിഷ് മാർക്കറ്റിന് STP അധികവിഹിതം- നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചില്ല.₹34,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 51 | കോൺഫറൻസ് ഹാൾ അടിസ്ഥാന സൗകര്യം ഒരുക്കൽ - പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കിയില്ല - ചെലവ് ₹181172 തടസ്സപ്പെടുത്തുന്നു. | 1-35 |
| 52 | അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യൽ - മൈക്രോപ്ലാൻ ഭക്ഷ്യകിറ്റ് വിതരണ രേഖകളില്ല - ₹196576 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 53 | ഹരിതകർമസേനക്ക് ഫർണിച്ചർ- വാങ്ങൽ നടപടികളിലെ അപാകങ്ങൾ | 1-37 |
| 54 | ഡയാലിസിസ് കേന്ദ്രത്തിന്റെ ആവർത്തനച്ചെലവുകൾ- സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. | 1-38 |
| 55 | പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ-പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ- ₹9,49,428യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-39 |
| 56 | പി.എം.എ.വൈ ഭവനനിർമ്മാണം - നിർവ്വഹണത്തിലെ അപാകങ്ങൾ - ₹20,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 57 | ഹഡ്കോയിൽ നിന്നും എടുത്ത വായ്പ തുക വിനിയോഗിക്കാതെ പലിശ അടക്കം നിഷ്ക്രിയമായി അക്കൗണ്ടിൽ കിടക്കുന്നു. | 1-41 |
| 58 | റിംഗ് കമ്പോസ്റ്റ് വിതരണം -മാർഗരേഖയിലെ നിർദ്ദേശങ്ങളിൽ നിന്നും വ്യതിയാനം- സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്. | 1-42 |
| 59 | കവ്വായി പാർക്കിൽ കുടുംബശ്രീ ഫുഡ് കിയോസ്ക് -നിർവഹണത്തിലെ അപാകങ്ങൾ - ₹15,715 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-43 |
| 60 | പി.എം എ വൈ ഭവന നിർമ്മാണം -പൂർത്തിയാക്കാത്തവ - നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-44 |
| 61 | ഹൈമാസ്റ്റ് സ്ട്രീറ്റ് ലൈറ്റിന്റെ എ.എം.സി-ടാക്സ് കിഴിവു ചെയ്യാത്തത് | 1-45 |
| 62 | കരാറുകാരനു നല്കുന്ന ലെറ്റർ ഓഫ് ആക്സപ്റ്റൻസിൽ നിർദ്ദേശിച്ചതു പ്രകാരം ഇൻഷ്വർ ചെയ്യുന്നില്ല | 1-46 |
| 63 | മുനിസിപ്പൽ പെൻഷൻ ഫണ്ട് - അവലോകനം | 1-47 |
| 64 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - നഗരസഭയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ. | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1-1 കെ.സ്മാർട്ട് സോഫ്റ്റ് വെയർ - സാംഖ്യ സോഫ്റ്റ് വെയർ ഡാറ്റ സംയോജനം- അപാകങ്ങൾ

(A) സാംഖ്യ സോഫ്റ്റ്വെയറിലെയും കെ സ്മാർട്ട് സോഫ്റ്റ് വെയറിലെയും വിവരങ്ങൾ സംയോജിപ്പിച്ച് ഡാറ്റകൾ ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക കണക്കുകൾ തയാറാക്കിയതിന്റെ മാനദണ്ഡങ്ങളും ആയതിന് അവലംബിച്ചിട്ടുള്ള സാങ്കേതിക രീതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സാംഖ്യ പ്രകാരം 01.04.2023 മുതൽ 31.12.2023 വരെയുള്ള വരവ് ചെലവുകളുടെയും കെ സ്മാർട്ട് പ്രകാരം 1-01-2024 മുതൽ 31-03-2024 വരെയുള്ള വരവ് ചെലവുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം തയാറാക്കിയ വാർഷിക ധനകാര്യ പത്രികയിൽ രണ്ട് സോഫ്റ്റ് വെയറുകളിലെയും വിവരങ്ങൾ സംയോജിപ്പിച്ച് ഡാറ്റകൾ ഉൾപ്പെടുത്തി തയാറാക്കിയതിന്റെ മാനദണ്ഡങ്ങളും ആയതിന് അവലംബിച്ചിട്ടുള്ള സാങ്കേതിക രീതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**(B) ഫോമുകളുടേയും രജിസ്റ്ററുകളുടേയും മാതൃക ഉറപ്പ് വരുത്താനായിട്ടില്ല .**

കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലും നിർവചിച്ചിട്ടുള്ള വിവിധ ഫോമുകളുടേയും രജിസ്റ്ററുകളുടേയും മാതൃകയിൽ തന്നെയാണോ കെ സ്മാർട്ട് അപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തതയില്ല

**(C) കെ സ്മാർട്ടിലൂടെ രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ വരവും ചെലവും വാർഷിക ധനനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .**

കെ സ്മാർട്ടിൽ നിന്നും 01-01-2024 മുതൽ 31-03-2024 വരെയുള്ള ഡാറ്റ സാംഖ്യയിലേക്ക് പോർട്ട് ചെയ്താണ് 2023-24 വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ 01-01-2024 മുതൽ 31-03-2024 വരെ കെ സ്മാർട്ടിലൂടെ നടത്തിയിട്ടുള്ള മുഴുവൻ വരവ് ചെലവുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

**(D) 01-01-2024 മുതൽ 31-03-2024 വരെയുള്ള കാലയളവിൽ സാംഖ്യയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .**

കെ സ്മാർട്ടിലെ ഇടപാടുകൾ സാംഖ്യയിലേക്ക് പോർട്ട് ചെയ്തതിനു ശേഷം 1-01-2024 മുതൽ 31-03-2024 വരെയുള്ള കാലയളവിൽ അഡ്ജസ്റ്റ്മെന്റ് എൻട്രികൾ പാസ്റ്റ് ഡാറ്റ എൻട്രി എന്നിവ സാംഖ്യയിൽ വരുത്തിയതിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**(E) ഇ പോസ് മെഷീനുകളിലെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ് ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.**

കെ സ്മാർട്ട് അപ്ലിക്കേഷനിൽ വസ്തുനികുതി പിരിക്കുന്നതിനായി ഉപയോഗിക്കുന്ന ഇ പോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ്, ഇ പോസ് മെഷീനുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് ബുക്ക്, പ്രസ്തുത ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് എന്നിവ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

**(F)ഡിമാന്റ് തുക പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല .**

ഓരോ ശീർഷകങ്ങൾക്കുമെതിരെയുള്ള ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ ഡിമാന്റ് തുക പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

**I).** പയ്യന്നൂർ മുനിസിപ്പാലിറ്റിയുടെ **2024** മാർച്ച് **31** ന് അവസാനിച്ച വർഷത്തെ റസീറ്റ് **&** പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം **&** എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും **31.03.2024** തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29-07-2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 12-09-2024 തിയ്യതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും **1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4), 2007** ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് **1994,** കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് റൂൾസ് **1996,** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് ഓഡിറ്റ് മാന്വൽ അധ്യായം **4.2.1 & 11.3,** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പയ്യന്നൂർ മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ,

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

കണ്ണൂർ,
28-03-2025.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭയുടെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ആസ്തികളുടെ കണക്കിന്റെ ആധികാരികത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് റൂൾസിലെ ചട്ടം 58 (2-എഫ് ) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-4 ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

B-17, RP-40(B) എന്നീ ഷെഡ്യൂളുകളിൽ State Bank Of India യുടെ ഇ- പേയിമെന്റ് (വസ്തുനികുതി) അക്കൗണ്ടിൽ (A/C No.00000067237389385) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള ₹20364099 യുടെ കൃത്യത പരിശോധിക്കാനാവശ്യമായ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-5 മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ഐ6 ഷെഡ്യൂൾ പ്രകാരമുള്ള തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ I-6 ഷെഡ്യൂൾ പ്രകാരമുള്ള തുകയും (₹1,74,07,102) സുലേഖ പദ്ധതി ചെലവ്

പത്രിക പ്രകാരമുള്ള തുകയും (₹1,74,21,135) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-6 തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് | വരവ്(₹) | | | ആകെ | ചെലവ്(₹) | | | | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | AUEGS ഫണ്ട് ലഭിച്ചത് | പലിശ | തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ലഭിച്ചത് | | ഭരണ ചെലവുകൾ | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | മെറ്റീരിയൽ കോസ്റ്റ് | തനത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തിരികെ നൽകിയത് | | |
| 65,475 | 1,34,51,911 | 23,263 | 75,00,000 | 2,10,40,649 | 5,76,960 | 1,07,84,359 | 1,66,824 | 50,00,000 | 16528143 | 4512506 |

വാർഷിക കണക്കുകളിലെ I-14 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് തുകയായി (250200100-On Poverty Eradication Programme) ചേർത്തിരിക്കുന്നത് 1,64,64,310 രൂപയാണ്. 2023-24 സാമ്പത്തിക വർഷം ബിംസ് വഴി ലഭിച്ച അലോട്ട്മെന്റ് 17410000 രൂപയാണ്. ആയതിൽ ₹13451911 യാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി 3958089 രൂപ ലാപ്സായി. അഡ്വാൻസ് തുക തിരികെ ലഭിക്കാനുള്ളത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായി ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിട്ടില്ല .

ബി-15 ഷെഡ്യൂളിൽ വസ്തു നികുതി കുടിശ്ശികയായി രേഖപ്പെടുത്തിയ തുകയുടെ 5% തുകയാണ് ലൈബ്രറി സെസ്സായി രേഖപ്പെടുത്തേണ്ടത്. എന്നാൽ അപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. ബി-15 ഷെഡ്യൂളിൽ ആകെ ലഭിക്കാനുള്ള തുക 4,70,59,374 (5% ലൈബ്രറിസെസ് ഉൾപ്പെടെ) രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ 431910100 -State Govt Levies In Property Tax എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ട തുക ₹2240922 (47059374 /105 X 5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ ചേർത്തിട്ടുള്ളത് 515359 രൂപ മാത്രമാണ്.

## 1-1-8 സ്ഥിരനിക്ഷേപത്തിലെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിലെ B-12 ഷെഡ്യൂളിൽ സ്ഥിരനിക്ഷേപ ഇനത്തിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക (₹156015032) സ്ഥിരനിക്ഷേപ പത്രികകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി (₹147963672) പൊരുത്തപ്പെടുന്നില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-9 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് റൂൾസിലെ ചട്ടം 58 (3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-10 I-18 ഷെഡ്യൂളിൽ Prior Period Items എന്ന ഹെഡിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

I-18 ഷെഡ്യൂളിൽ Prior Period Items എന്ന ഹെഡിൽ ഉൾപ്പെടുത്തിയ 75309223 രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-11 ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ആസ്തികളുടെ ഡിപ്രീസിയേഷനായി 60699047 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഷെഡ്യൂൾ ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ബി-11 ഷെഡ്യൂളിൽ ഡിപ്രീസിയേഷൻ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ വർക്ക് ഷീറ്റ്, അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-12 ബാങ്ക്പാസ് ബുക്ക് ബാലൻസ്(HUDCO LOAN ) - റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തൽ പാസ് ബുക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

ICICI (HUDCO LOAN-2511) ബാങ്കിലെ HUDCO LOAN അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31-03-2024ലെ പാസ് ബുക്ക് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നത് ₹7840000 ആണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാലൻസ് ₹7925854 ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

## 1-1-13 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല .

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം: വസ്തു നികുതി, തൊഴിൽ നികുതി സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-14 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല .

വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, നികുതി-നികുതിയേതര വരവുകളുടെ സാക്ഷ്യപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി, ലേലം, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവ് സംബന്ധിച്ചുള്ള എ.സി.ആർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-15 ധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവ് തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

തൻവർഷത്തെ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയും (₹35709526) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുകയും (₹36516060) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ₹806534.

## 1-1-16 ഹെൽത്ത് ഗ്രാന്റ് -വരവ് തുക ട്രയൽ ബാലൻസ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഹെൽത്ത് ഗ്രാന്റ് കൺവേർട്ട് പി എച്ച് സി & സബ്സെന്റേർസ് ഗ്രാന്റുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് തുകയും (₹3331746) ട്രയൽ ബാലൻസ് പ്രകാരമുള്ള വരവ് തുകയും (₹16876006) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്.

സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 20-03-2023 തീയതിയിൽ ചേർന്ന സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും 1/1 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 16/03/2024 തീയതിയിലെ യോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ നൽകുകയും ഭരണസമിതിയുടെ 14-02-2024 തീയതിയിലെ സാധാരണ യോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ്(₹) | 44672251 | 377230918 |

| | | |
|---|---|---|
| വരവ്(₹) | 745887319 | 869771555 |
| ആകെ (₹) | 790559570 | 1247002473 |
| ചെലവ്(₹) | 695840094 | 1068018229 |
| നീക്കിയിരിപ്പ്(₹) | 94719476 | 178984244 |

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ വലിയ അന്തരമുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം).

| | |
|---|---|
| മുന്നിരിപ്പ് | ₹229208174 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹357583681 |
| ആകെ | ₹586791855 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹343205711 |
| നീക്കിയിരിപ്പ് | ₹243586144 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹19861431 |

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു ചെലവുകളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വരവ് ചെലവുകൾ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽ പട്ടിക പ്രകാരമുള്ള വരവു ചെലവുകൾ പൂർണ്ണമല്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 70015273 | 70015273 | 57917782 | 12097491 |
| വികസന ഫണ്ട് (എസ്.സി.പി.) | | 16714000 | 16714000 | 5681726 | 11032274 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | - | 24065400 | 24065400 | 17421135 | 6644265 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | | 30055350 | 30055350 | 10736381 | 19318969 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 6169393 | 16304281 | 22473674 | 18688639 | 3785035 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 12230228 | 18524000 | 30754228 | 17827421 | 12926807 |
| ഹെൽത്ത് ഗ്രാന്റ് | 0 | 16876006 | 16876006 | 8782583 | 8093423 |

| | | | | | |
|---|---|---|---|---|---|
| കൺവേർട്ട് പി എച്ച് സി & സബ് സെന്റർസ് | | | | | |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 4372589 | 4372589 | 4038706 | 333883 |
| ഗ്രാന്റ് സെൻട്രൽ ഗവൺമെന്റ് - പ്രത്യേക ഉദ്ദേശ്യം | 62077121 | 37417921 | 99495042 | 34540033 | 64955009 |
| ഗ്രാന്റ് ഫോർ പ്രൊജക്ട്സ് | 10015994 | 8081711 | 18097705 | 7470497 | 10627208 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള തുകകൾ വാർഷിക ധനകാര്യ പത്രിക, എ.സി.ആർ, പദ്ധതി ചെലവ് പത്രിക എന്നിവകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രസ്തുത തുകകൾ എ.സി.ആറിന്റേയും പാസ് ബുക്കിലെ വിവരത്തിന്റേയും അടിസ്ഥാനത്തിലാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവുകൾ സംബന്ധിച്ച് നഗരസഭ എ.സി.ആറോ വ്യക്തമായ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റ് കൺവേർട്ട് പി എച്ച് സി & സബ് സെന്റേർസിന്റെ ഫണ്ട് വിനിയോഗം രേഖപ്പെടുത്തിയിട്ടുള്ളത് ട്രയൽ ബാലൻസിന്റേയും ബാലൻസ് ഷീറ്റിന്റേയും അടിസ്ഥാനത്തിലാണ്. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളും ബാങ്ക് പാസ് ബുക്ക്,എ സി ആർ, എന്നിവയുമായി വ്യത്യാസമുണ്ടെങ്കിൽ ആയതിനുള്ള കാരണം പ്രത്യേക കുറിപ്പായി നോട്ട്സ് ഓൺ അക്കൌണ്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ട്കളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ട്കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 433 | 481028106 | 208 | 189055726 | 68 | 225 | 140 | 32.33 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 13925480 | 8225480 | 59.07 |
| സീനിയർ വെറ്ററിനറി സർജൻ- | 8 | 7 | 13281590 | 5116061 | 38.52 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ- | 14 | 14 | 24959328 | 22860812 | 91.59 |
| ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം- | 3 | 3 | 4000000 | 3999962 | 99.99 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ- | 6 | 4 | 570000 | 460407 | 80.77 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 34 | 14 | 77040970 | 25840179 | 33.54 |
| ഐ സിഡിഎസ് സൂപ്പർവൈസർ | 18 | 13 | 22955974 | 16941358 | 73.8 |
| പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ - | 12 | 7 | 19746138 | 5828429 | 29.52 |
| സെക്രട്ടറി | 42 | 29 | 57226940 | 31420130 | 54.9 |
| മുനിസിപ്പൽ എഞ്ചിനീയർ | 275 | 100 | 235019086 | 61712770 | 26.26 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ- | 3 | 2 | 694000 | 140000 | 20.17 |
| ഹെഡ് മാസ്റ്റർ, ഹൈ സ്കൂൾ- | 4 | 4 | 2300000 | 1717119 | 74.66 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ- | 1 | 1 | 300000 | 183932 | 61.31 |
| ഹെഡ് മാസ്റ്റർ ജി എൽ പി എസ് | 6 | 4 | 3808600 | 2285090 | 60 |
| പ്രിൻസിപ്പൽ, ഹയർ സെക്കന്ററി സ്കൂൾ | 3 | 2 | 5200000 | 2323997 | 44.69 |
| ആകെ | 433 | 208 | 481028106 | 189055726 | 39.3 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | | | ആകെ | ചെലവ് | | | | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | AUEGS ഫണ്ട് ലഭിച്ചത് | പലിശ | തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ലഭിച്ചത് | | ഭരണ ചെലവുകൾ | ഗുണ ഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | മെറ്റീരിയൽ കോസ്റ്റ് | തനത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തിരികെ നൽകിയത് | | |
| 65475 | 17410000 | 23263 | 7500000 | 24933263 | 576960 | 10784359 | 166824 | 5000000 | 16528143 | 8405120* |

*നീക്കിയിരിപ്പിൽ ₹3892614 ലാപ്സായി. ബാക്കി തുക ₹4512506 ബാങ്ക് അക്കൗണ്ടിൽ ഉണ്ട്. വാർഷിക കണക്കുകളിലെ I-14 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് തുകയായി (250200100-On Poverty Eradication Programme) ചേർത്തിരിക്കുന്നത് 16464310 രൂപയാണ്. തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ സൂക്ഷിച്ചു വരുന്ന ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവയുടെ അടിസ്ഥാനത്തിലാണ് ടി വിവരങ്ങൾ ചേർത്തിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 14175200 | 1226 |
| വിധവാ പെൻഷൻ | 30339500 | 2760 |
| വാർദ്ധക്യകാല പെൻഷൻ | 65625400 | 6530 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 7509000 | 697 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിത കൾക്കുള്ള പെൻഷൻ | 3391000 | 311 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-01-2025 തീയതി 11.15AM മണിക്ക് നഗരസഭ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13557 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

നഗരസഭയുടെ വരവു ചെലവു കണക്ക് രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ്, മറ്റ് വരവുകൾ എന്നിവയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ), ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് ഈയിനങ്ങളിൽ ലഭിക്കാനുള്ള തുക, കുടിശ്ശിക എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിന് ഊർജിത നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തു നികുതി, തൊഴിൽനികുതി, വാടക ഉൾപ്പെടെയുള്ള ഇനങ്ങളിൽ വലിയ തുക പിരിച്ചെടുക്കാനുണ്ട് എന്നാണ് വാർഷിക ധനകാര്യപത്രിക വ്യക്തമാക്കുന്നത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി/നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പുവരുത്തുന്നില്ല.

നഗരസഭയിൽ നിരവധി അനധികൃതകെട്ടിടങ്ങൾ ഉള്ളതായി രേഖകളുണ്ട്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് സാധിച്ചിട്ടില്ല. നഗരസഭയിൽ നിന്നും ഒക്യൂപ്പെൻസി ലഭിച്ചതിനുശേഷം കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം നടന്നുവരുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്യൂപെൻസി ഓഡിറ്റ് നടത്തുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. കൗൺസിൽ അംഗീകാരത്തോടെ ഓഡിറ്റ് റിപ്പോർട്ടുകളുടെ പ്രഥമമറുപടി സമയബന്ധിതമായി സമർപ്പിക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. പ്രഥമമറുപടി സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ പിന്നീട് തുടർ നടപടികളൊന്നും നഗരസഭ സ്വീകരിച്ചതായും കാണുന്നില്ല. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. വാർഷിക കണക്കുകൾ പ്രകാരം റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. തനത് വരുമാന വർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ

സ്വീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിന് ശേഷമുള്ള മോണിറ്ററിംഗ് ശക്തമാക്കേണ്ടതുണ്ട്.
മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 വാർഡ് സഭ

നഗരസഭയിലെ 44 വാർഡുകളിലും 2023 മെയ്, ജൂലൈ, നവംബർ,ഡിസംബർ മാസങ്ങളിൽ വാർഡ്സഭകൾ ചേർന്നിട്ടുണ്ട്. 2023-24 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, വാർഷിക പദ്ധതി അവലോകനം, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, അമൃത് കുടിവെള്ള പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, 2024-25 പദ്ധതി വ്യക്തിഗത ആനുകൂല്യത്തിനുള്ള ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ മുതലായവ വാർഡ് സഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയുണ്ടായി.

## 1-11 വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

22.03.2023 ലെ സ ഉ (കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. നഗരസഭ ജി ഐ എസ് സംവിധാനം മുഖേനയോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ കുറ്റമറ്റ രീതിയിൽ മേൽ വിവരങ്ങൾ ഇതിനകം ശേഖരിച്ചിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്താതെ തന്നെ സഞ്ചയയിൽ/കെ സ്മാർട്ടിൽ വിവരങ്ങൾ ചേർക്കാവുന്നതുമാണ്. ഈ വിവരങ്ങളുടെയും 9 ബി ഫാറം വഴി ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. വസ്തു നികുതി പരിഷ്കരണ പുരോഗതി വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/10.01.2025) മറുപടിയായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി GIS മാപ്പിംഗ് നടത്താൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെന്നും ടി പദ്ധതി പ്രോജക്ടിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം.446/24) UL Technology Solution-നെ ഏൽപ്പിച്ചിട്ടുണ്ടെന്നും നഗരസഭയിൽ 44 വാർഡുകളിലായി ആകെ നാൽപ്പത്തി രണ്ടായിരത്തിൽപ്പരം കെട്ടിടങ്ങളുണ്ടെന്നും നിലവിൽ 26 വാർഡുകളിലായി 22862 കെട്ടിടങ്ങളുടെ ഫീൽഡ് സർവ്വെ പൂർത്തിയാക്കിയിട്ടുണ്ടെന്നും 90 എണ്ണം 9 ബി ഫോറങ്ങൾ ലഭ്യമായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും മാറ്റം വന്ന കാലം മുതലുള്ള നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 നികുതി/ഫീസ് ഇനങ്ങളിൽ വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു

നഗരസഭയുടെ തൻ വർഷ (2023-24) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ വലിയ തുക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

**1.** വസ്തു നികുതി

| | തുക(₹) |
|---|---|
| വസ്തു നികുതി (അരിയർ) | 3,62,36,829 |
| വസ്തു നികുതി (തൻ വർഷം) | 1,08,22,545 |
| ആകെ | 4,70,59,374 |

**2.** തൊഴിൽ നികുതി

| | തുക(₹) |
|---|---|
| തൊഴിൽ നികുതി (അരിയർ) | 83,64,120 |
| തൊഴിൽ നികുതി (തൻ വർഷം) | 10,10,896 |
| ആകെ | 93,75,016 |

**3.**ലൈസൻസ് ഫീസ്

| | തുക(₹) |
|---|---|

| | |
|---|---|
| ലൈസൻസ് ഫീസ് (അരിയർ) | 22,15,055 |
| ലൈസൻസ് ഫീസ് (തൻ വർഷം) | 20,86,275 |
| ആകെ | 43,01,330 |

**4.** മറ്റിനങ്ങൾ

| | തുക(₹) |
|---|---|
| മറ്റിനങ്ങൾ (അരിയർ) | 4,30,15,654 |
| മറ്റിനങ്ങൾ (തൻ വർഷം) | 1,20,81,006 |
| ആകെ | 5,50,96,660 |

പ്രസ്തുത കുടിശ്ശികകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/13.01.2025) മറുപടിയായി കെ സ്മാർട്ട് ഡാഷ് ബോർഡ് പ്രകാരം 2.02 കോടി രൂപ അരിയർ തുക പിരിച്ചെടുത്തിട്ടുണ്ടെന്നും കുടിശ്ശിക പിരിച്ചെടുക്കാൻ 2 തവണ നഗരസഭയിലെ എല്ലാ വാർഡുകളിലും ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടെന്നും മുഴുവൻ കുടിശ്ശിക നികുതിയും പിരിച്ചെടുക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാ ക്ലാർക്കുമാർക്കും ഓഫീസ് അറ്റൻഡർമാർക്കും വാർഡ് തിരിച്ച് ചുമതല നൽകിയിട്ടുണ്ടെന്നും കുടിശ്ശിക അടവാക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി/ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിലുള്ള കുടിശ്ശിക 13,235/- രൂപ മാത്രമാണെന്ന് ആരോഗ്യ വിഭാഗവും അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടി സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ തൊണ്ണൂറ് ശതമാനമെങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാറുകളുടെ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 1% തുക കുറവ് വരുത്തിയിട്ടുണ്ട്. ഈയിനത്തിൽ പയ്യന്നൂർ നഗരസഭയ്ക്ക് 2023-24 സാമ്പത്തിക വർഷം 724060 രൂപ നഷ്ടമായിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ടതായ ഏതെങ്കിലും തുകയുടെ കാര്യത്തിൽ മൂന്ന് വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ നടത്തുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ഏതെങ്കിലും തുക നഷ്ടപ്പെട്ടു പോവുകയാണെങ്കിൽ വകുപ്പ് 539(2) പ്രകാരം പ്രസ്തുത തുകയും 12% പലിശയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കൽപ്പിക്കപ്പെടാവുന്നതാണ്. മേൽ സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 2023-24 വർഷത്തിൽ പുതുതായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും പുതുക്കിയ നികുതി നിരക്ക് ഈടാക്കുന്നതിലുണ്ടായ വീഴ്ച

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023-ലെ ജി.ഒ(എംഎസ്) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട നിലവിലുള്ള കെട്ടിടങ്ങൾക്ക് തുടർവർഷങ്ങളിൽ 5% വർദ്ധനവും 01/04/2023 മുതലുള്ള പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.26/2023/തസ്വഭവ ഉത്തരവ് പ്രകാരം വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതിയ നികുതി നിരക്കുകൾ പയ്യന്നൂർ നഗരസഭ കൗൺസിലിന്റെ 28-10-2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അന്തിമമാക്കുകയും 10.11.2023 ലെ ആർ1-7022/23 നമ്പറായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി. അന്തിമ വിജ്ഞാപന പ്രകാരമുള്ള പുതിയ നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തി പുതിയ നിരക്കുകളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ഫാറം 6 തയ്യാറാക്കുന്നത് വരെയുള്ള കാലയളവിൽ 2013 മുതൽ പ്രാബല്യത്തിലുള്ള പഴയ നികുതി നിരക്കിലായിരുന്നു 01/04/2023 മുതലുള്ള പുതിയ നികുതിദായകരുടെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം 01/04/2023 ന ശേഷം പഴയ നിരക്കിൽ നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും ഫാറം 6 പരിഷ്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ 01/04/2023 ന ശേഷം പഴയ നിരക്കിൽ നികുതി നിർണ്ണയം നടത്തിയ പയ്യന്നൂർ നഗരസഭയിലുള്ള 44 വാർഡുകളിലെയും കെട്ടിടങ്ങളുടെ ഫാറം 6 പരിഷ്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ പഴയനിരക്കിലുള്ള വസ്തുനികുതി ഡാറ്റ തന്നെയാണ് 01-01-2024 പ്രാബല്യത്തിലുള്ള കെ സ്മാർട്ട് അപ്ലിക്കേഷനിലും നിലവിലുള്ളത്. ആയതിനാൽ 2023-24 വർഷത്തെ വസ്തുനികുതി ഡിമാന്റിലും തുടർന്നുള്ള വർഷത്തെ

വസ്തുനികുതിയുടെ വാർഷിക വർദ്ധനവിലും വലിയ കുറവ് ഉണ്ടായിട്ടുണ്ട്. പുതിയനികുതിദായകരുടെ നികുതിനിർണ്ണയത്തിൽ ഇപ്രകാരം കുറവുണ്ടായത് സംബന്ധിച്ച വിശദാംശങ്ങൾ ഉദാഹരണസഹിതം ചുവടെ കൊടുക്കുന്നു.

പയ്യന്നൂർ നഗരസഭ 10.11.2023 ലെ ആർ1-7022/23 അന്തിമ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യങ്ങൾക്കും വാണിജ്യാവശ്യത്തിനും ഉപയോഗിക്കുന്ന വിവിധ കെട്ടിട ഉപവിഭാഗങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ചത് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഒരു ചതുരശ്ര മീറ്ററിന് നിശ്ചയിച്ച നിരക്ക് (രൂപ) |
|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ,ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 12 |
| 2 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ(ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)- 300 ച.മീറ്ററിന് മുകളിലുള്ളവ | 18 |
| 3 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 70 |
| 4 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 100 |
| 5 | വാണിജ്യാവശ്യത്തിനുള്ള 500 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ | 110 |

01.04.2023 ന് ശേഷം ഒക്യുപ്പൻസി നൽകിയ കെട്ടിടങ്ങൾക്ക് പഴയനിരക്കിൽ നികുതി നിർണ്ണയം നടത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണം ച.മീ | ഉപയോഗ ക്രമം | അസ്സസ്സ്മെന്റ് രജിസ്റ്റർ/സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | അസ്സസ്സ്മെന്റ് രജിസ്റ്റർ/സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം | ഈടാക്കേണ്ട വസ്തു നികുതി നിരക്ക് ₹ | ഈടാക്കിയ വസ്തു നികുതി നിരക്ക് ₹ |
|---|---|---|---|---|---|---|---|
| 10/70/3 | പുതിയപുരയിൽ അഭിലാഷ് | 121.08 | വീടുകൾ | പാർപ്പിടാവശ്യം | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് | 12 | 8 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | | |
| 10/669/1 | പ്രവീൺ. കെ. കെ | 228.15 | വീടുകൾ | പാർപ്പിടാവശ്യം | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 12 | 8 |
| 11/201/3 | രാഹുൽ . വി. | 234.6 | വീടുകൾ | പാർപ്പിടാവശ്യം | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 12 | 8 |
| 11/385/1 | അബ്ദുൾ റഷീദ് ഇസ്മാലി, സജ്ന അബ്ദുൾ റഷീദ് | 263.28 | വീടുകൾ | പാർപ്പിടാവശ്യം | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 12 | 8 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11/231/1 | പുള്ളിയാംകോട്ട് ബിജു | 144.58 | വീടുകൾ | പാർപ്പിടാവശ്യം | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 12 | 8 |
| 4/408/1-5 | ദാമോദരൻ കരിപ്പിരി | 283.5 | ഷോപ്പുകൾ | വാണിജ്യാ വശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | വാണിജ്യാവ ശ്യത്തിനുള്ള 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 100 | 80 |
| 6/358/2-5 | കാവുംതാഴ രമേശൻ | 111.05 | ഷോപ്പുകൾ | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | വാണിജ്യാവ ശ്യത്തിനുള്ള 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 100 | 80 |
| 4/443/1 | പ്രമോദ് തൈവളപ്പിൽ | 127.02 | വീടുകൾ | പാർപ്പിടാവശ്യം | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 12 | 8 |
| 5/491/1 | കുളങ്ങര | 141.36 | വീടുകൾ | പാർപ്പിടാവശ്യം | സ്വന്തം | 12 | 8 |

| | | | | | | | |
|---|---|---|---|---|---|---|---|
| | രാജേഷ് | | | | താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | | |
| 5/557/2 | ദിലീപ് കുമാർ. ടി. പി. | 275.61 | വീടുകൾ | പാർപ്പിടാവശ്യം | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 12 | 8 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/15.01.2025) മറുപടിയായി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം വരുത്താൻ ഐ കെ എം ന നിർദ്ദേശം നൽകിയിരുന്നെന്നും എന്നാൽ 2023-24 വർഷത്തിൽ പഴയ നിരക്കിൽ നികുതി ഇതിനകം തന്നെ ഈടാക്കിയിരുന്ന ചില കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കായി മാറ്റം വന്നിരുന്നില്ലെന്നും നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ നിർത്തൽ ചെയ്തെന്നും കെ സ്മാർട്ട് സോഫ്റ്റ് വെയർ മുഖേനയാണ് നികുതി ചുമത്തി വരുന്നതെന്നും മേൽ വിഷയത്തിൽ ഐ കെ എം മായി ബന്ധപ്പെട്ടതിൽ ടി വിഷയം എല്ലാ നഗരസഭകളിലും നിലനിൽക്കുന്നുണ്ടെന്നും കെ സ്മാർട്ടിലെ അപ്ഡേഷൻ വരുമ്പോൾ 2023-24 വർഷത്തിൽ ഈടാക്കേണ്ടിയിരുന്ന നികുതി പരിഷ്ക്കരണ കുടിശ്ശിക ഈടാക്കി റവന്യൂ നഷ്ടം ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 01.04.2023 മുതൽ നിലവിൽവന്ന മുഴുവൻ കെട്ടിടങ്ങൾക്കും പുതിയ നികുതി നിരക്കുകൾ കെ സ്മാർട്ട് സോഫ്റ്റ് വെയറിൽ ബാധകമാക്കേണ്ടതാണ്. നികുതി പരിഷ്ക്കരണ കുടിശ്ശിക ഈടാക്കി റവന്യൂ നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-14 അനധികൃത നിർമ്മാണം - തുടർനടപടികൾ സംബന്ധിച്ച്

പരിശോധനയ്ക്ക് ലഭ്യമാക്കിയ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പ്രകാരം 2015 മുതൽ പയ്യന്നൂർ നഗരസഭയിൽ 62 അനധികൃത നിർമ്മാണങ്ങളുണ്ട്. ഇവയിൽ മിക്കതും സഞ്ചയ പോർട്ടലിൽ ഡാറ്റ എൻട്രി നടത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | UAC1/39/15 | കെ എം രാജേന്ദ്രൻ,<br>കെ എം തങ്കമണി | പാർപ്പിടാവശ്യം |
| 2 | UAC1-6/18/15 | ഇരുമ്പന്റകത്ത് ഉമ്മർകുട്ടി | വാണിജ്യം |

| | | | |
|---|---|---|---|
| 3 | UAC1-2/18/2016 | കെ എ അബ്ദുൾ സലാം | ഹോട്ടൽ |
| 4 | UAC1-2/19/2016 | കെ ആയിഷ, കെ ഫൈസൽ | വാണിജ്യം |
| 5 | UAC1-2/2/2016 | മുഹമ്മദ് കുഞ്ഞി കെ | വാണിജ്യം |
| 6 | UAC1-4/43/2016 | ഡോ.സരസ്വതി വേണു | വാണിജ്യം |
| 7 | UAC5-9/19/2016 | എൻ കുഞ്ഞിമൊയ്തീൻ ഹാജി | വാണിജ്യം |
| 8 | UAC 2017/MT/19/1 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | ടവർ |
| 9 | 19/2439/5/UA | പി. അബ്ദുൾ ജബ്ബാർ | പാർപ്പിടാവശ്യം |
| 10 | 32/152/2UA | ഭാർഗ്ഗവി പൊട്ടക്കുളത്ത്<br>ശശിധരൻ പൊട്ടക്കുളത്ത്<br>മോഹനൻ പൊട്ടക്കുളത്ത് | വാണിജ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/16.01.2025) പ്രസ്തുത കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം മുൻകാല പ്രാബല്യത്തോടെ നികുതി ചുമത്തിയിട്ടുള്ളതാണെന്നും പ്രസ്തുത വിവരങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ 2015 മുതൽ 2018 വരെയുള്ള പ്രസ്തുത കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി സഞ്ചയ പോർട്ടലിൽ നടത്താൻ വിട്ടുപോയെന്നും മറുപടി നൽകി. അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ ഉൾപ്പെട്ട മുഴുവൻ കെട്ടിടങ്ങളും മൊബൈൽ ടവറുകളും പിന്നീട് ക്രമവത്ക്കരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ക്രമവത്ക്കരിക്കപ്പെടാത്തവയുടെ ഡാറ്റഎൻട്രി നടത്തി മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ

2023-24 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി നഗരസഭ സൂക്ഷിച്ചു വരുന്ന റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നീ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 പ്രകാരം , സെക്രട്ടറി , 8 ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ നല്കി വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് തുക ഓഫീസ് മേധാവിയുടെ പേരിൽ വരവു വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഭാഗികമായി മാത്രമാണ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ പേര്, ജീവനക്കാരുടെ പേര്, ഡിമാൻഡ് ചെയ്ത തുക എന്നിവ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ തസ്തിക, അർദ്ധ വാർഷിക വരുമാനം, നികുതി ഈടാക്കിയതിന്റെ രസീത് നമ്പർ/തീയതി എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളുടെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയവയ്ക്ക് ക്രമ നമ്പർ നൽകിയിട്ടില്ല. കൂടാതെ തൻ വർഷത്തെ ആകെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ കണക്കാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.ഹാജരാക്കിയ ഐ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം നഗരസഭാ പരിധിയിൽ 2023-24 സാമ്പത്തിക വർഷം 3264 സ്ഥപനങ്ങൾ പ്രവർത്തിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട സ്ഥാപനങ്ങൾ, അടവാക്കിയ തുക എന്നീ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/17.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹഅജരാക്കേണ്ടതാണ്. ഈടാക്കിയിട്ടില്ലെങ്കിൽ പിഴപ്പലിശ സഹിതം സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പു പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല.

4. 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി

ചെയ്യുന്നവരിൽ നിന്നും ₹1250 അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ, ചട്ടം 3.2.10 പ്രകാരം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2023-24 സാമ്പത്തികവർഷം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ വിശദാംശങ്ങൾ, അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2023-24 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ അപാകങ്ങൾ സംബന്ധിച്ച് 17.01.2025 ന് നൽകിയ 32-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വിനോദ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ

1961 ലെ Kerala Local Authorities Entertainment Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയേറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainment Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainment Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ അധികമാകാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തീയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പയ്യന്നൂർ നഗരസഭയിൽ 2023-24 സാമ്പത്തിക വർഷത്തിൽ രാജധാനി സിനിമ, രാജധാനി മിനിപ്ലക്സ്, സുമംഗലി സിനിമ, സുമംഗലി മിനിപ്ലക്സ്, സുമംഗലി സിനിപ്ലക്സ്, അർച്ചന സിനിപ്ലക്സ് എന്നീ തീയേറ്ററുകളാണ് പ്രവർത്തിച്ചിരുന്നത്. ലഭ്യമായ രേഖകൾ പ്രകാരം 2023 ഏപ്രിൽ മാസം മുതൽ അടിസ്ഥാന പ്രവേശന നിരക്ക് 100/- രൂപയായതിനാൽ 5% വിനോദ നികുതിയാണ് ബാധകമായിട്ടുള്ളത്. അടിസ്ഥാന പ്രവേശന നിരക്കായ 100/- രൂപയുടെ 5% ആയ 5/- രൂപയാണ് ഒരു ടിക്കറ്റിന്റെ വിനോദ നികുതിയായി ഈടാക്കി വരുന്നത്. തീയേറ്ററിൽ നിന്നും ലഭിക്കുന്ന ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയാണ് വിനോദ നികുതിയായി ഈടാക്കി വരുന്നത്.

2023-24 സാമ്പത്തിക വർഷത്തിലെ വിനോദനികുതി വരവ് സംബന്ധിച്ച് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. അർച്ചന സിനിപ്ലക്സ് 2023 സെപ്റ്റംബർ മുതൽ 2024 മാർച്ച് മാസം വരെയുള്ള വിനോദനികുതി നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ DCR ഫയലിൽ ലഭ്യമല്ല.

2. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം ഒരോ മാസത്തെയും വിനോദ നികുതി അടുത്ത മാസം മൂന്നാം തിയതിക്ക് മുൻപ് നഗരസഭയിൽ അടവാക്കേണ്ടതാണ്. എന്നാൽ ചില മാസങ്ങളിൽ വൈകിയാണ് നികുതി

ഒടുക്കിയതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിനോദ നികുതി വൈകി അടവാക്കുമ്പോൾ പിഴപ്പലിശ ഈടാക്കുന്നുമില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | മാസം | സ്ഥാപനം | തുക/ രസീതിനം./ തീയതി | തുക അടവാക്കേണ്ട തീയതി |
|---|---|---|---|---|
| 1. | ഏപ്രിൽ 2023 | രാജധാനി സിനിമ | 13660/123010500021/30.05.2023 | 03.05.2023 |
| | | സുമംഗലി സിനിമ | 25345/123010500023/30.06.2023 | 03.05.2023 |
| 2. | മേയ് 2023 | രാജധാനി സിനിമ | 16365/123010500034/30.06.2023 | 03.06.2023 |
| | | സുമംഗലി മിനിപ്ലക്സ് | 63840/123010500031/30.06.2023 | 03.06.2023 |
| 3. | ജൂൺ 2023 | രാജധാനി സിനിമ | 23600/123010500038/31.07.2023 | 03.07.2023 |
| | | സുമംഗലി സിനിമ | 21495/123010500043/31.07.2023 | 03.07.2023 |
| 4. | ജൂലായ് 2023 | രാജധാനി സിനിമ | 34935/123010500065/26.08.2023 | 03.08.2023 |
| | | സുമംഗലി സിനിപ്ലക്സ് | 28600/123010500063/26.08.2023 | 03.08.2023 |
| 5. | ആഗസ്ത് 2023 | രാജധാനി സിനിമ | 58775/123120500027/30.09.2023 | 03.09.2023 |
| | | സുമംഗലി സിനിപ്ലക്സ് | 37050/123120500030/30.09.2023 | 03.09.2023 |
| 6. | സെപ്റ്റംബർ 2023 | രാജധാനി സിനിമ | 22780/12310500238/31.10.2023 | 03.10.2023 |
| | | സുമംഗലി സിനിപ്ലക്സ് | 43425/123010500239/03.11.2023 | 03.10.2023 |
| | | അർച്ചന സിനിപ്ലക്സ് | 78075/123010500233-236/27.10.2023 | 03.10.2023 |

3. വിനോദ നികുതിയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന (തീയേറ്റർ ചെക്കിംഗ്) നടത്തിയതായി രേഖകളില്ല.

4. തിയേറ്ററുകൾ ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിനാനുപാതികമായാണ് വിനോദ നികുതി ഈടാക്കേണ്ടതെങ്കിലും ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി കൃത്യത പരിശോധിക്കാതെ തിയേറ്റർ അധികൃതർ ലഭ്യമാക്കുന്ന ഡി സി ആറിൽ സൂചിപ്പിച്ചിട്ടുള്ള ടിക്കറ്റുകളുടെ എണ്ണം കണക്കിലെടുത്ത് (ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് അനുസരിച്ചുള്ളത്) വിനോദനികുതി ഈടാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/17.01.2025) മറുപടിയായി അർച്ചന സിനിപ്ലക്സ് 2023 സെപ്റ്റംബർ മുതൽ 2024 മാർച്ച് മാസം വരെയുള്ള DCR ഹാജരാക്കിയിട്ടുണ്ടെന്നും വിനോദ നികുതി വൈകി അടവാക്കിയ തിയേറ്റർ ഉടമകളിൽ നിന്നും വീഴ്ചവരുത്തിയ കാലയളവിന് പിഴപ്പലിശ ഈടാക്കുന്നതാണെന്നും വിനോദ നികുതിയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന (തീയേറ്റർ ചെക്കിംഗ്) നടത്തുന്നതാണെന്നും ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അർച്ചന സിനിപ്ലക്സിന്റെ 2023 സെപ്റ്റംബർ മുതൽ 2024 മാർച്ച് മാസം വരെയുള്ള MCR (MONTHLY TAX COLLECTION REPORT) ആണ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. തീയേറ്ററിന്റെ പ്രസ്തുത കാലയളവിലെ DCR പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മറ്റ് അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-17 ഐ ബി പി എം എസ് സോഫ്റ്റ് വെയർ മുഖേന കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയുടെ RP-4 ഷെഡ്യൂൾ (FEE & USER CHARGES) പ്രകാരം പയ്യന്നൂർ നഗരസഭയിൽ 2023-24 വർഷക്കാലയളവിൽ ബിൽഡിംഗ് പെർമിറ്റ് ഫീസിനത്തിൽ 10,774,737/- രൂപ വരവുണ്ട്. നഗരസഭയിൽ 2023-24 വർഷക്കാലയളവിൽ ഐ ബി പി എം എസ് സോഫ്റ്റ് വെയർ മുഖേന പെർമിറ്റ് ഫീസായി എത്ര തുക ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുകയിൽ എത്ര തുക മുനിസിപ്പൽ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 41/18.01.2025) മുഖേന ആവശ്യപ്പെട്ടിരുന്നു, ആയതിന് മറുപടിയായി ഐ ബി പി എം എസ് സോഫ്റ്റ് വെയർ ക്ലോസ് ചെയ്തതിനാൽ അടവാക്കിയ തുക സംബന്ധിച്ച വിവരം പരിശോധിക്കുവാൻ സാധിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ബിൽഡിംഗ് പെർമിറ്റ് ഫീസിനത്തിൽ നഗരസഭയ്ക്ക് ലഭിച്ച തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-18 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ**

1. 2022-23 സാമ്പത്തിക വർഷം പയ്യന്നൂർ നഗരസഭയിൽ നിന്ന് ഐ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത നിരവധി സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല (ലഭ്യമാക്കിയ ഐ എഫ് ടി ഇ & ഒ എസ് രജിസ്റ്റർ പ്രകാരം). ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഇ

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 6/182/1 | ദേവി മൂകാംബിക ഭാരത് ഗ്യാസ് |
| 2 | 7/401/7 | ഫോട്ടോഗ്രിഡ് വെഡ്ഡിംഗ്സ് |
| 3 | 8/296 | ഫോട്ടോ ഡിജിറ്റൽ കമ്മ്യൂണിക്കേഷൻസ് |
| 4 | 9/263/6 | ചങ്ക്സ് |
| 5 | 9/263/11 | ഫിറ്റ് & ജിം |
| 6 | 11/177 | ഗോൾഡൻ ഫാൻസി & ഫൂട്ട്വേയർസ് |
| 7 | 13/374/2 | ക്യൂട്ടീ പാലസ് |
| 8 | 14/273/2 | 4 പോയിന്റ് ട്രേഡേഴ്സ് |
| 9 | 14/84 | ഹൈഡ്സൈൻ |
| 10 | 35/333/1 | പ്രഭ്രസ് ട്രേഡിംഗ് കമ്പനി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/20.01.2025) മറുപടിയായി മേൽ പട്ടികയിലെ ക്രമ നമ്പർ 1ന്റ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 2,7,8,9 സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്തതാണെന്നും ക്രമ നമ്പർ 3,4,5,6,10 സ്ഥാപനങ്ങൾക്ക് സി ഫോറം ഇഷ്യൂ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ ലഭ്യമല്ല. വിവരങ്ങൾ സോഫ്റ്റ് വെയറിൽ കാലികമാക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പാരാമെഡിക്കൽ സ്ഥാപനങ്ങൾ

1997 ലെ കേരള മുനിസിപ്പാലിറ്റി സ്വകാര്യ ആശുപത്രികളുടെയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ 3(1) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതുണ്ട്.

ഐ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 വർഷത്തിൽ ഐ എഫ് ടി ഇ &ഒ എസ് ലൈസൻസ് എടുത്ത ചുവടെ കൊടുത്ത സ്ഥാപനങ്ങൾ പ്രസ്തുത കാലയളവിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| വാർഡ് | ബിൽഡിംഗ് നം. | ഉടമ | സ്ഥാപനം |
|---|---|---|---|
| 4 | 134/11,13 | ഡോ.പ്രതീഷ് | പ്രയോഡെന്റ് മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ |

| | | | |
|---|---|---|---|
| | | പ്രസന്നൻ | ക്ലിനിക്ക് |
| 5 | 305/1 | കീർത്തന ആർ പി | ഹിലിയോസ് ഹോമിയോ ക്ലിനിക്ക് ആന്റ് കൌൺസില്ലിംഗ് സെന്റർ |
| 15 | 49/10 | അഞ്ജലി വി എസ് | ഡെന്റൽ ആർട്ട് ഡെന്റൽ ക്ലിനിക്ക് |
| 28 | 59,60,61 | മുഹമ്മദ് സഫീർ എം ടി പി | യുണോമെഡ് ഡയഗനോസ്റ്റിക്ക് സെന്റർ |
| 31 | 276,277 | ഡോ.ജയശ്രീ | കെളോത്ത് ഡെന്റൽ ക്ലിനിക്ക് |
| 31 | 103/1,2,3 | മുഹമ്മദ് ജസീൽ പി | ഫിസിയോ ഫിറ്റ്നസ്സ് റീ ഹാബ് |
| 42 | 48/6,7 | ബിന്ദു അനിൽ | ഐശ്വര്യ ഹോമിയോ ക്ലിനിക്ക് |
| 42 | 407/1 | മിഥുൻ എ കെ | ദി ക്ലിനിക്ക് |
| 42 | 406 | മിഥുൻ എ കെ | ഹെൽത്ത് കെയർ ലാബ് |

ചുവടെ ചേർത്ത സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷം പാരാമെഡിക്കൽ ലൈസൻസ് എടുത്തിട്ടുണ്ടങ്കിലും ഐ എഫ് ടി ഇ &ഒ എസ് ലൈസൻസ് എടുത്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ആരോഗ്യ ഫിസിയോതെറാപ്പി & ഫിറ്റ്നസ് സെന്റർ |
| 2 | കെ ആർ ഹോമിയോ ക്ലിനിക്ക് |
| 3 | പത്മിനി ആയുർവ്വേദ ക്ലിനിക്ക് |
| 4 | സൌപർണ്ണിക ആയുർവ്വേദ ക്ലിനിക്ക് |
| 5 | ദേവയാൻ ആയുർവ്വേദിക്സ് |
| 6 | അതുല്യ ആയുർവ്വേദിക്സ് |
| 7 | കേൾ & കർവ്സ് കോസ്മെറ്റിക് ഹോസ്പിറ്റൽ |
| 8 | ജനകീയം ആയുർവ്വേദിക്സ് റിസേർച്ച് ഹോസ്പിറ്റൽ |
| 9 | കൃപ ഡെന്റൽ ഡയഗനോസ്റ്റിക്സ് |
| 10 | അനമയ ഹോസ്പിറ്റൽ |

**3.** ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം (വകുപ്പുകൾ 506 മുതൽ 508 വരെ) പ്രകാരവും 1999 ലെ കേരള മുനിസിപ്പാലിറ്റി ( ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരവും ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ ലൈസൻസ് കൂടി എടുക്കേണ്ടതാണ്. താഴെ പറയുന്ന സ്ഥാപനം 2023-24 വർഷം ട്യൂട്ടോറിയൽ ലൈസൻസ് പുതുക്കിയിട്ടില്ല.

| വാർഡ് | ബിൽഡിംഗ് നം. | ഉടമ | സ്ഥാപനം |
|---|---|---|---|
| 5 | 344/7,8 | പ്രമോദ് പി<br>ജിഷ കെ വി | എഡ്യൂസ് ലൈവ് പ്രൈവറ്റ് ലിമിറ്റഡ് |

ട്യൂട്ടോറിയൽ രജിസ്റ്റർ പ്രകാരം പയ്യന്നൂർ നഗരസഭയിൽ 2023-24 കാലയളവിൽ 32 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗം സ്ഥാപനങ്ങളും ഐ എഫ് ടി ഇ &ഒ എസ് ലൈസൻസ് പുതുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ന്യൂമറോ സ്കൂൾ ഓഫ് മാത്തമറ്റിക്സ് & സയൻസ് |
| 2 | സ്കൂൾ ഓഫ് സയൻസ് |
| 3 | വൺ സീറോ ട്യൂഷൻ സെന്റർ |
| 4 | പ്രൊഫഷണൽ അക്കൌണ്ടൻസി ആന്റ് മാനേജ്മെന്റ് |
| 5 | നവോദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ |
| 6 | ഐസാറ്റ് പി എസ് സി കോച്ചിംഗ് സെന്റർ |
| 7 | ഐസാറ്റ് എഡ്യൂക്കേഷൻ |
| 8 | കൊളിജിയേറ്റ് പയ്യന്നൂർ |

| | |
|---|---|
| 9 | പ്രൊഫഷൻ പി എസ് സി കോച്ചിംഗ് സെന്റർ |
| 10 | കൊളിജിയേറ്റ് ട്യൂഷൻ സെന്റർ |

4. ചുവടെ കൊടുത്തിരിക്കുന്ന സിനിമ തിയേറ്ററുകൾ 2023-24 സാമ്പത്തിക വർഷം ഐ എഫ് ടി ഇ &ഒ എസ് ലൈസൻസ് പുതുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | അർച്ചന സിനിപ്ലക്സ് |
| 2 | രാജധാനി സിനിമാസ് |
| 3 | രാജധാനി മിനിപ്ലക്സ് |

5. 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പട്ടിക 1, 2 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന എല്ലാ വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് എടുക്കേണ്ടതാണ് [2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ കൂടി കാണുക]. മുനിസിപ്പാലിറ്റിയിലെ 2023-2024 വർഷത്തെ IFTE&OS ഡിമാൻഡ് രജിസ്റ്റർ പ്രകാരം പട്ടിക 1, 2 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന ചില ഇനങ്ങൾക്കും നഗരസഭ ലൈസൻസ് അനുവദിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പട്ടിക II ലെ ക്രമ നമ്പർ | ഇനം |
|---|---|
| 333 | ടർഫ് ഗ്രൗണ്ട് |
| 455 | ഇൻഡോർ/ഔട്ട്ഡോർ റിക്രിയേഷൻ ക്ലബ്ബ് |
| 274 | ആയുർവേദിക് മസാജ് സെന്റർ |

6. അംഗീകരിച്ച വാർഡ് തല ട്രേഡേഴ്‌സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
7. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447,448,532,533 വകുപ്പുകൾ പ്രകാരം 2023-24 വർഷം നഗരസഭയിലെ അനധികൃത കച്ചവടം സംബന്ധിച്ച് ഏതൊക്കെ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയതിൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടച്ച് ലൈസൻസ് നേടി എന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(45/20.01.2025) മറുപടി നൽകിയിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിച്ച് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 സർക്കാർ അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (സർക്കാർ,എയ്ഡഡ് ഒഴികെയുള്ളവ) വസ്തു നികുതി

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള മുനിസിപ്പാലിറ്റി ആക്ട് 235 വകുപ്പിലെ ബിഎ ഖണ്ഡിക റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ, സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. നഗരസഭയിൽ 2022-23 വർഷം വരെ 235 ബിഎ വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24 വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാനും അത്തരം സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനും ഓഡിറ്റ് എൻക്വയറി (നം.46/ 20.01.2025) മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടി നൽകിയിട്ടില്ല. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ടി സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 സ്വിമ്മിംഗ് പൂളുകൾ, ടർഫുകൾ, ജിംനേഷ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച്

പയ്യന്നൂർ മുനിസിപ്പാലിറ്റിയുടെ 10-11-2023 തീയതിയിലെ ആർ1-7022/23 നമ്പർ വിജ്ഞാപന പ്രകാരം നഗരസഭ പരിധിയിലെ സ്വിമ്മിംഗ് പൂളുകൾ, ടർഫുകൾ, ജിംനേഷ്യങ്ങൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യസ്വഭാവത്തോട് കൂടിയവ) എന്നിവയ്ക്ക് ഏർപ്പെടുത്തിയ വസ്തു നികുതി നിരക്ക് 50 രൂപയാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും സ്വിമ്മിംഗ് പൂളുകൾ, ടർഫുകൾ, ജിംനേഷ്യങ്ങൾ മുതലായവയിൽ നിന്നും നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (44/20.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഭാഗത്തിലുള്ള സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 വാടക ഈടാക്കുന്നതിലെ അപാകം

പയ്യന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പെരുമ്പ ഷോപ്പിംഗ് കോംപ്ലക്സ്, സി.ഡി.എസ് കോംപ്ലക്സ്, മൂരിക്കൊവ്വൽ ഷോപ്പിംഗ് കോംപ്ലക്സ്, ഫിഷ് മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, പെരുമ്പ പച്ചക്കറി സ്റ്റാൾ എന്നിവയിലെ മുറികൾ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നത് സംബന്ധിച്ച ടെണ്ടർ/ലേല നിബന്ധനകളിലെ നിബന്ധന (2) പ്രകാരം ലൈസൻസ് കാലാവധി മുറി ഏറ്റെടുക്കുന്ന തീയതി മുതൽ 3 വർഷത്തേക്കാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലൈസൻസ് കാലാവധിയായ 3 വർഷത്തിന് ശേഷം മുറികൾ വീണ്ടും ലേലം ചെയ്ത് കൈമാറുവാൻ നഗരസഭക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്നും എന്നാൽ നിലവിലുള്ള ലൈസൻസി കൗൺസിൽ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ലൈസൻസ് ഫീസിൽ കാലാനുസൃതവും യുക്തവുമായ വർദ്ധനവ് വരുത്തി നിലവിലുള്ള ലൈസൻസിക്ക് തന്നെ മുറി കൈമാറുവാൻ നഗരസഭ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണെന്നും ഇപ്രകാരമുള്ള കൈമാറ്റം മുൻ കൈവശത്തിന്റെ തുടർച്ചയായി കണക്കാക്കുന്നതല്ലെന്നും നിബന്ധന (3) ൽ പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ കൗൺസിലിന്റെ തീരുമാനപ്രകാരം ലൈസൻസ് കാലാവധിയായ 3 വർഷത്തിന് ശേഷം വാടകയിനത്തിൽ 25 ശതമാനം വർദ്ധനവ് വരുത്തി നിലവിലുള്ള ലൈസൻസിക്ക് തന്നെ (അപേക്ഷയുടെ അടിസ്ഥാനത്തിൽ) മുറികൾ അനുവദിച്ച് വരുന്ന രീതിയാണ് വർഷങ്ങളായി നഗരസഭ അവലംബിച്ച് വരുന്നത്. ഇപ്രകാരം നിലവിലുള്ള ലൈസൻസിക്ക് തന്നെ അനുവദിച്ച് നൽകുന്ന മുറികൾക്ക് ഓരോ വർഷവും (രണ്ടാമത്തെയും മൂന്നാമത്തെയും വർഷങ്ങളിൽ) വാർഷികവാടക വർദ്ധനവ് വരുത്തുന്നില്ല. നിലവിലുള്ള ലൈസൻസിക്ക് തന്നെ മുറികൾ അനുവദിച്ച് നൽകുന്നതിനാൽ ഡെപ്പോസിറ്റ് തുകയിലും (പരസ്യലേലം നടത്താത്തതിനാൽ വർഷങ്ങൾക്ക് മുമ്പ് മുറികൾ ആദ്യമായി വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക മാത്രമാണ് ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭയിലുള്ളത്) കാലികമായ വർദ്ധനവ് വരുത്തുവാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. പരസ്യലേലം നടത്തി വാടക, ഡെപ്പോസിറ്റ് തുകയിൽ കാലികമായ വർദ്ധനവ് വരുത്താതെ നിലവിലുള്ള ലൈസൻസിക്ക് തന്നെ മുറികൾ അനുവദിച്ച് നൽകുന്നത് വഴിയും വാർഷിക വാടക വർദ്ധനവ് വരുത്താത്തത് വഴിയും നഗരസഭയ്ക്ക് ഈയിനത്തിൽ പ്രതീക്ഷിക്കുന്ന കാലികമായ വരുമാനവർദ്ധനവ് ലഭിക്കാത്ത സാഹചര്യമുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) യുടെ 75-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 37-ലെ നിർദ്ദേശപ്രകാരം നഗരസഭകൾ അവരുടെ അധീനതയിൽ വരുന്ന കെട്ടിടങ്ങളുടെ വാടക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഓരോ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ എണ്ണം, അവയ്ക് ഈടാക്കിയ വാടക, വാർഷിക വാടക വർദ്ധനവ്, കരാർ വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നഗരകാര്യ ഡയറക്ടറുടെ 07/09/2021ലെ F2-13063/21 നമ്പർ സർക്കുലർ പ്രകാരം എല്ലാ നഗരസഭ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ വാർഷിക വാടകവർദ്ധനവ്, വാടക വിശദാംശങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ എന്നീ വിഷയങ്ങളിൽ പയ്യന്നൂർ നഗരസഭയിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് 16.01.2025 ൽ നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
2023-24 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പെരുമ്പ ഷോപ്പിംഗ് കോംപ്ലക്സിലെ F1 നമ്പർ റൂമിൽ പ്രവർത്തിക്കുന്ന മൈനർ ഇറിഗേഷൻ സബ്ഡിവിഷന്റെ 7/2023 മുതൽ 3/2024 വരെയുള്ള വാടക (935 രൂപ+18% ജിഎസ്ടി എന്ന നിരക്കിൽ) കുടിശ്ശിക വരുത്തിയിട്ടുണ്ട്.

2023-24 വാർഷിക ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ തൻവർഷം 31,73,847 രൂപയും കുടിശ്ശികയായി 9,95,213 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.
വാർഷിക വാടകവർദ്ധനവ്, വാടക വിശദാംശങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ എന്നീ

വിഷയങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതും 2023-24 വാർഷിക ധനകാര്യ പത്രിക ബി 15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭ സെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്. സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും പെൻഷൻ അംശദാനവും ഏത് കാലയളവ് വരെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വിവരവും അടവാക്കിയതിന്റെ വിശദാംശങ്ങളും ഇനി സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കാൻ ബാക്കിയുള്ള ശമ്പളത്തിന്റെയും അലവൻസുകളുടെയും വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർക്കാരിലേക്ക് തുകയൊന്നും ഒടുക്കിയിട്ടില്ലെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക കണക്കാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഒടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തേണ്ടതാണ്.

## 1-23 ഇൻഫർമേഷൻ കേരള മിഷൻ വിഹിതം നൽകൽ, ഐ കെ എം മെമ്പർ ഷിപ്പ് ഫീ - വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല - ₹3389230 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
|---|---|---|
| പ്രൊജക്ട് നമ്പർ/പേര് | 02/24,ഐ കെ എം ന് അടക്കേണ്ട വിഹിതം | 501/24,ഐ കെ എം മെമ്പർ ഷിപ്പ് ഫീ |
| അടങ്കൽ | ₹3,89,230/ വികസനഫണ്ട്(ജനറൽ) | ₹ 30,00,000/ വികസനഫണ്ട്(ജനറൽ) |
| ചെലവ് | ₹3,89,230 (ബിൽ നമ്പർ 104/ 26-07-2023) | ₹30,00,000(ബിൽ നമ്പർ 782/ 26-03-2024) |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് നമ്പർ 02/24 പ്രകാരം ₹389230 യും 27-6-2015 ലെ സ.ഉ(സാധാ) നം .1952/2015/തസ്വഭവ, 5-3-2024 ലെ സ.ഉ(സാധാ) നം.538/2024/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം മെമ്പർഷിപ്പ് ഫീസായി പ്രൊജക്ട് നമ്പർ 501/24 പ്രകാരം ₹3000000 യും ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകകളുടെ കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 35/17-01-25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് ഐ കെ എം ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹3389230 (3000000+389230) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 എസ് എസ് കെ വിഹിതം നൽകൽ - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

| പ്രൊജക്ട് നം./ പേര് | 17/24, എസ് എസ് കെ വിഹിതം നൽകൽ |
|---|---|
| അടങ്കൽ | ₹10,00,000 വികസനഫണ്ട് (ജനറൽ) |
| തുക/ബിൽ നം./ തീയതി | ₹10,00,000 (105/ 26-07-2023) |

എസ് എസ് കെ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള നഗരസഭാ വിഹിതം നല്കുന്നതിനായി തയ്യാറാക്കിയ

പ്രോജക്ടാണിത്. ആയതിന്റെ ഭാഗമായി ₹ **10,00,000** ജില്ലാ പ്രൊജക്ട് ഓഫീസർ **SSK** ക്ക് നൽകിയിട്ടുണ്ട്. എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (GO(MS) 86/2022/LSGD Dt 19.04.2022) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ ചുവടെ കൊടുക്കുന്നു.

1. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)

2. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട് ( ഖ 8.6.4).

പദ്ധതി തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ രേഖകൾ, ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ ,വികസന പദ്ധതികളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/18-01-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന വിധത്തിൽ എസ്.എസ്.കെ. പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 1-25 ഇ-പേയ്മെന്റ്-കറണ്ട് അക്കൗണ്ടിൽ നിന്നും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് വരവ് തുക മാറ്റുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

ഇ-പേയ്മെന്റ് അക്കൗണ്ടിലെ തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ നിലനിർത്തി വരുന്നതിനാൽ നഗരസഭയ്ക്ക് പലിശയിനത്തിൽ നഷ്ടം വരുന്നുണ്ട്.. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് വിവരം | നീക്കിയിരിപ്പ്(₹) | | |
|---|---|---|---|
| | 31-03-2022 | 31-03-2023 | 31-03-2024 |
| എസ് ബി ഐ ഇ പേയ്മെന്റ് (അക്കൗണ്ട് നമ്പർ -67237389385) | 25,777,793 | 6,736,233 | 20,364,099 |

എസ്.ബി.ഐ. ഇ-പേയ്മെന്റ് അക്കൗണ്ടിലുള്ള തുക കറണ്ട് അക്കൗണ്ടിൽ നിന്നും സേവിംഗ്സ് ബേങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ച് പലിശയിനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കാവുന്നതാണ്.

## 1-26 ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.2,43,858/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത ചുവടെ കൊടുത്ത വൗച്ചറുകളുടെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം/ തിയ്യതി | തുക(₹) | തുക കൈപ്പറ്റിയ വ്യക്തി / സ്ഥാപനം | തുക നൽകിയതിന്റെ ഉദ്ദേശ്യം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|
| 1 | 1363/ 1-3-24 | 49126 | പയ്യന്നൂർ കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | നഗരസഭയിലേക്ക് സ്ട്രീറ്റ് ലൈറ്റ് ആവശ്യത്തിനായി 700 LED Bulbs വാങ്ങിയത് | ബൾബുകൾ മാറ്റി സ്ഥാപിച്ചതിന്റെ രേഖകൾ |
| 2 | 1374/ 1-3-24 | 49853 | കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് | പൂർത്തീകരണവിവരം |

| | | | | | |
|---|---|---|---|---|---|
| | | | | സ്ഥാപിക്കുന്നതിന് | |
| 3 | 1375/ 1-3-24 | 49628 | കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് | പൂർത്തീകരണവിവരം |
| 4 | 1377 1-3-24 | 48944 | കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് | പൂർത്തീകരണവിവരം |
| 5 | 1378 1-3-24 | 46307 | കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് | പൂർത്തീകരണവിവരം |
| ആകെ | | ₹243858 | | | |

ബില്ലുകളും അനുബന്ധ ചെലവ് രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/16-01-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹2,43,858 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.₹8,40,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2023-24 വർഷത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷൻ ഫണ്ട് 10,000/- രൂപ വീതവും നഗരസഭ വിഹിതം 10,000/- രൂപ വീതവും ആകെ 8,80,000/- രൂപ 44 വാർഡുകളിലെയും വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. (വൗച്ചർ നമ്പർ.71/26.04.2023-ഫയൽ നമ്പർ H1-8985/07). അനുവദിച്ച ₹ 8,80,000 ചെലവഴിച്ചതിന്റെ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.11/14-01-2025) അടിസ്ഥാനത്തിൽ 11,12 വാർഡുകളിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 42 വാർഡുകളിൽ നിന്നുമുള്ള ചെലവ് രേഖകളുടെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ₹ 840000 (42x20000) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഓണം ഫെസ്റ്റിവൽ അഡ്വാൻസ്- തിരികെ ഈടാക്കിയിട്ടില്ല.

2023-24 വർഷത്തിൽ നഗരസഭയിലെ റഗുലർ/ കണ്ടിജന്റ് ജീവനക്കാർക്ക് ഓണം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തുക നൽകുന്നതിന് ആകെ 5,27,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | വൗച്ചർ നം. | തീയതി | തുക(₹) |
|---|---|---|---|
| റഗുലർ വിഭാഗം ജീവനക്കാർ | 449 | 24-08-2023 | 3,12,000 |
| കണ്ടിജന്റ് വിഭാഗം ജീവനക്കാർ | 451 | 24-08-2023 | 2,15,000 |

നഗരസഭയുടെ 2023-24 വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് (B-18) പ്രകാരം 36,000 രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു. തിരിച്ചടവ് സംബന്ധിച്ച പരിശോധന നടത്തുന്നതിനായി അഡ്വാൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/14-01-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓണം അഡ്വാൻസ് തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 പയ്യന്നൂർ അർബൻ വെൽനസ് സെന്റർ-പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങി- ₹75979-യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 383/24 പയ്യന്നൂർ അർബൻ വെൽനസ് സെന്റർ |
| അടങ്കൽ | ₹ 3500000 (ഹെൽത്ത് ഗ്രാന്റ്) |
| ബിൽ നമ്പർ/തീയതി ചെലവ് തുക | 759/ 25-03-2024 – ₹1451000<br>374/30-01-2024 - ₹75979<br>ആകെ: ₹1526979 |

പയ്യന്നൂർ അർബൻ വെൽനസ് സെന്റർ എന്ന മേൽ പ്രോജക്ടിനായി ചെലവഴിച്ച 1526979 രൂപയിൽ 1451000 രൂപ ഡയറക്ടർ (അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.03.2024 തീയതിയിലെ LSGD/PD/5562/2024-DPLD4 നിർദ്ദേശ പ്രകാരം നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (A/C No. 110047344710, IFSC, CNRB0014005) തിരിച്ചടക്കുകയും ₹75979 പയ്യന്നൂർ ഹെൽത്ത് ആന്റ് അർബൻ വെൽനസ് സെന്ററിനായി ഇൻവോയ്സ് നമ്പർ RJEO2795/2023-24, Dtd 09-01-2024 പ്രകാരം ആർ ജെ എന്റർപ്രൈസസിൽ നിന്നും ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും (49980 രൂപ) ഇൻവോയ്സ് നമ്പർ RJEO2581/2023-24 Dtd 27-12-2023 പ്രകാരം പ്രിന്ററും (25999രൂപ) വാങ്ങുന്നതിനായും നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്കിലെടുത്തിയിട്ടുണ്ടെങ്കിലും അവ പയ്യന്നൂർ അർബൻ വെൽനസ് സെന്ററിന് കൈമാറ്റം ചെയ്തിട്ടില്ല. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യാത്തതിന്റെ കാരണവും നിലവിൽ പയ്യന്നൂർ അർബൻ വെൽനസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/21-01-2025) വാങ്ങിയ ഡെസ്ക്ടോപ്പും പ്രിന്ററും നഗരസഭ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും വെൽനസ് സെന്റർ ആരംഭിക്കുന്നതിനായുള്ള കെട്ടിടത്തിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവർത്തനം തുടങ്ങുന്നതിന് മുമ്പ് വാങ്ങിയ കമ്പ്യൂട്ടറും പ്രിന്ററും നിഷ്ക്രിയമായി തുടരുന്നതിനാൽ ചെലവ് തുക 75979 രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 കെ എസ് ഇ ബി - ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. 4420623/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭ താഴെപ്പറയുന്ന പ്രൊജക്ടുകൾ ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് പേര്, വകയിരുത്തിയ തുക | മുൻകൂറായി അനുവദിച്ച തുക | ബിൽ നം./ തീയതി | നിർവ്വഹണ ഏജൻസിയുടെ പേര് |
|---|---|---|---|---|
| സെക്രട്ടറി | 13/24 കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ<br>₹ 5,00,000 (വികസനഫണ്ട്-SCP) | 97593 | 240/ 29-11-2023 | കെ.എസ്.ഇ.ബി, പയ്യന്നൂർ |
| സെക്രട്ടറി | 252/24 കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ<br>₹ 5,00,000 (വികസനഫണ്ട്-SCP) | 500000 | 239/ 29-11-2023 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പയ്യന്നൂർ |
| മുനിസിപ്പൽ എഞ്ചിനീയർ | 283/24 വിവിധ റോഡുകളിൽ വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ<br>₹ 2,43,084 (CFC) | 211713 | 23/ 27-05-2023 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പയ്യന്നൂർ |
| | | 15536 | 95/ 13-07-2023 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പയ്യന്നൂർ |
| | | 14306 | 50/ 15-06-2023 | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | | | | ഇലക്ട്രിക്കൽ സെക്ഷൻ, വെള്ളൂർ |
| സെക്രട്ടറി | 253/24<br>സ്ട്രീറ്റ് ലൈൻ വലിക്കൽ<br>₹1782343(വികസനഫണ്ട്-ജനറൽ)<br>₹1800000 (Own Fund)<br>₹3582343 | ₹3581475 (₹1782343+ ₹1799132) | 241/ 29-11-2023<br>390/ 07-02-2024 | അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്ക് സെക്ഷൻ, പയ്യന്നൂർ |
| | ആകെ | 4420623 | | |

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിന് പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ) നം.86/2022/തസ്വഭവ തീയതി 19-04-2022 ഖണ്ഡിക 12-2(5)(ഡി) (Ii) ൽ ഡെപ്പോസിറ്റ് വർക്കുകളുടെ അംഗീകൃത നിർവഹണ ഏജൻസിയുമായി തദ്ദേശഭരണസ്ഥാപനം കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കേണ്ട തിയ്യതി, പൂർത്തീകരിക്കേണ്ട തിയ്യതി, മറ്റ് നിബന്ധനകൾ തുടങ്ങിയവ ഉൾപ്പെടുത്തിയ കരാറിലേർപ്പെടാതെ കെ എസ് ഇ ബി ക്ക് മുൻകൂർ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. മേൽ പരാമർശിച്ച ഡെപ്പോസിറ്റ് പ്രോജക്ടുകൾ കെ.എസ്.ഇ.ബി ഇതുവരെയായും പൂർത്തീകരിക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിക്കാതെയിരിക്കുകയാണ്. സ.ഉ.(കൈ) നം.86/2022 തീയതി 19-04-2022 ഖണ്ഡിക 12 ഡി (Iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതായി പൂർത്തീകരിക്കുവാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപന സെക്രട്ടറി സ്വീകരിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നതിലും വീഴ്ച വരുത്തിയതായി കാണപ്പെട്ടു. നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടാത്തതിനാലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലും 4420623 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല - 3750000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 27/24, കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ |
| അടങ്കൽ | ₹ 50,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്) |
| ചെലവ് തുക ,ബിൽ നമ്പർ,തീയതി | ₹3750000, 808/ 27-03-2024 |

നഗരസഭ പരിധിയിൽ കുടിവെള്ള പൈപ്പ് ലൈൻ വലിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, തളിപ്പറമ്പിന്റെ 26-03-2024 ലെ KWA/WSDNTPBA/D1-24-25 നമ്പർ എസ്റ്റിമേറ്റ് പ്രകാരം 37,50,000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സ്ഥാപനവുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/17-01-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിന് പുറപ്പെടുവിച്ച സ.ഉ.(കൈ) നം.86/2022/തസ്വഭവ തീയതി 19-04-2022 ഖണ്ഡിക 12.2 (5) ഡി (Ii) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ അംഗീകൃത നിർവഹണ ഏജൻസിയുമായി തദ്ദേശഭരണസ്ഥാപനം കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കേണ്ട തിയ്യതി, പൂർത്തീകരിക്കേണ്ട തിയ്യതി, മറ്റ് നിബന്ധനകൾ തുടങ്ങിയവ ഉൾപ്പെടുത്തിയ കരാറിലേർപ്പെടാതെ കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടാതെ തുക നൽകിയതിനാലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലും ₹3750000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 എ ബി സി പ്രോഗ്രാം- ജില്ലാ പഞ്ചായത്തിന് നഗരസഭാവിഹിതം കൈമാറൽ-

**വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 421/24, എ ബി സി പ്രോഗ്രാം- നഗരസഭാ വിഹിതം |
| അടങ്കൽ | ₹3,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹3,00,000 (ബിൽ നമ്പർ 142/06.09.2023) |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്തുകളുടേയും നഗരഭരണസ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ ബി സി പ്രോഗ്രാം നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 3,00,000 രൂപ നഗരസഭാ വിഹിതമായി കണ്ണൂർ ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/10.1.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-33 ഇൻസിനറേറ്റർ പ്രവർത്തനക്ഷമമല്ല - ₹ 48850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 155/24, നഗരസഭാ ഓഫീസിൽ ഇൻസിനറേറ്റർ |
| അടങ്കൽ | ₹1,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹ 97,700 (ബിൽ നമ്പർ 767/25.03.2024) |

നഗരസഭാ ഓഫീസിലെ ടോയ്‌ലറ്റുകളിൽ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയാണ് പ്രോജക്ട് ലക്ഷ്യം. പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ₹48850 നിരക്കിൽ 2 ഇൻസിനറേറ്ററുകൾ സ്ഥാപിച്ചതിന് റെയ്ഡ്കോ, കണ്ണൂരിന് ₹97,700 നൽകിയിട്ടുണ്ട്. ഇൻസിനറേറ്ററുകൾ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചതിന്റെയും, പ്രവർത്തനക്ഷമമാക്കിയതിന്റെയും വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/15.1.25) പ്രസ്തുത ഇൻസിനറേറ്ററുകൾ നഗരസഭാഓഫീസ്, ട്രഞ്ചിംഗ് ഗ്രൗണ്ട് എന്നിവിടങ്ങളിലെ ടോയ്‌ലറ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ട്രഞ്ചിംഗ് ഗ്രൗണ്ടിലെ ടോയ്‌ലറ്റിൽ സ്ഥാപിച്ച ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാണെന്നും നഗരസഭാഓഫീസിലെ ടോയ്‌ലറ്റിൽ ഇലക്ട്രിഫിക്കേഷൻ തകരാർ കാരണം ഇൻസിനറേറ്റർ ഉപയോഗിക്കാനാകുന്നില്ലെന്നും ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സ്ഥാപിച്ച ഇൻസിനറേറ്റർ പ്രവർത്തനക്ഷമമാകാത്തതിനാൽ ഇതിനായുള്ള ₹48850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-34 പെരുമ്പ ഫിഷ് മാർക്കറ്റിന് STP അധികവിഹിതം- നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചില്ല.₹34,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

| | |
|---|---|
| പ്രൊജക്ക് നമ്പർ,പേര് | 445/24, പെരുമ്പ ഫിഷ് മാർക്കറ്റ് STP അധികവിഹിതം |
| അടങ്കൽ | ₹34,50,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ചെലവ് | ₹34,50,000 (ബിൽ നമ്പർ 268/12.12.2023) |

നഗരസഭയിലെ പെരുമ്പ ഫിഷ് മാർക്കറ്റിൽ കേരള വാട്ടർ അതോറിറ്റി മുഖേന മലിനജല സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. പ്രൊജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ DPR തുകയായ 90.5 ലക്ഷം രൂപയിൽ ₹34,50,000 യാണ് മേൽബിൽ പ്രകാരം കൈമാറിയിട്ടുള്ളത്. പ്രസ്തുത മലിനജലസംസ്കരണപ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുന്നതിനും പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/15.01.25) നൽകിയ മറുപടിയിൽ മേൽ പ്രൊജക്ടിനായി എസ്റ്റിമേറ്റ് തുകയായ 90.5 ലക്ഷം രൂപയും (2022-23 – 32 ലക്ഷം രൂപ, 2024-25 – 24 ലക്ഷം രൂപ) കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെന്നും പ്രവൃത്തി നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് കേരള വാട്ടർ അതോറിറ്റിയുടെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, പി.പി.ഡി & സീവറേജ് സർക്കിൾ, കോഴിക്കോട് ഓഫീസിനെയാണെന്നും പ്രവൃത്തിക്കുള്ള കരട് എഗ്രിമെന്റ് ലഭ്യമാക്കുവാൻ 9.1.25 ലെ 2366267-2024 നമ്പർ കത്ത് മുഖേന പ്രസ്തുത ഓഫീസിനെ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ തുടർനടപടികളൊന്നും ഇതുവരെ ഉണ്ടായിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ) നമ്പർ 86/2022/തസ്വഭവ തീയതി 19.4.2022) യിലെ ഖ:12.2(5)ഡി(ii) പ്രകാരം തദ്ദേശഭരണ സ്ഥാപനം കേരള ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ തുക നൽകാൻ പാടുള്ളൂ. പ്രവൃത്തിക്കുള്ള കരാർ ചമക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണത്തിനുള്ള തുടർനടപടികളുടെ അഭാവത്തിൽ മലിനജല സംസ്കരണ പ്ലാന്റിനായി 2023-24 കാലയളവിൽ കൈമാറിയ ₹34,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 കോൺഫറൻസ് ഹാൾ അടിസ്ഥാന സൗകര്യം ഒരുക്കൽ - പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കിയില്ല - ചെലവ് ₹181172 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 255/24<br>നഗരസഭയിൽ വീഡിയോ കോൺഫറൻസ് ഹാൾ അടിസ്ഥാന സൌകര്യം ഒരുക്കൽ |
| അടങ്കൽ | ₹8,50,000<br>(1,50,000 (വികസനഫണ്ട് ജനറൽ)<br>7,00,000 (തനത് ഫണ്ട് )) |
| ചെലവ് | ₹8,39,971 |
| തുക/ബിൽ നമ്പർ/തീയതി | ₹150000 (58/ 26-06-2023) – വികസന ഫണ്ട്, ജനറൽ<br>₹689971 (59/ 26-06-2023 ) – തനത് ഫണ്ട് |

വീഡിയോ കോൺഫറൻസ് ഹാളിൽ അടിസ്ഥാന സൌകര്യം ഒരുക്കുന്നതിന്റെ ഭാഗമായി റബ്കോ നിർമ്മിച്ച ഡയസ്, പോഡിയം, ഹാളിലേക്ക് ആവശ്യമായ കസേരകൾ, പാനലിംഗ്, ഷെൽഫ് എന്നിവയ്ക്ക് വേണ്ടി ഇൻവോയ്സ് നം. RHW/22-23/746 തീയതി 30-03-2023 പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം ലഭിച്ച താഴെ കൊടുത്ത ഇനങ്ങളുടെ മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| വാങ്ങിയ ഇനം | എണ്ണം | വില (₹) | ആകെ വില(₹) |
|---|---|---|---|

| | | | |
|---|---|---|---|
| PANELLING As Per DRG.SI.NO.34(100L*100H) (SQM) | 28.84 SQM | 4,603 | 1,14,338 |
| SHELF BIG AS PER DRG SL.NO.30 | 2.64 SQM | 14,848 | 39,198 |
| GST 18% | | | 27,636 |
| TOTAL | | | 181172 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/18-01-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹181172-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യൽ - മൈക്രോപ്ലാൻ ഭക്ഷ്യകിറ്റ് വിതരണ രേഖകളില്ല - ₹196576 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ, പേര് | 29/24, അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യൽ- മൈക്രോ പ്ലാൻ |
| അടങ്കൽ | ₹2,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹1,96,576 |
| തുക, ബിൽ നം/തീയതി (എ.സി.ആർ. പ്രകാരം) | ₹29006, 137/25.8.23<br>₹26987, 242/29.11.23<br>₹36065, 282/29.12.23<br>₹32943, 425/9.2.24<br>₹36009, 566/18.3.24<br>₹35566, 814/27.3.24 |

നഗരസഭ തയ്യാറാക്കിയ അതിദാരിദ്ര്യപട്ടികയിൽ ഉൾപ്പെട്ട 48 കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിനായി സാധനങ്ങൾ വാങ്ങുന്നതിനാണ് മേൽ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. നഗരസഭയിലെ 2 ജീവനക്കാരെ ഭക്ഷണക്കിറ്റ് വിതരണത്തിനായി ചുമതലപ്പെടുത്തുകയും കിറ്റുകൾ 26.8.23, 24.11.23, 22.12.23, 31.1.24, 29.2.24, 26.3.24 എന്നീ തിയതികളിൽ വിതരണം നടത്തുകയും ചെയ്തു എന്നാണ് ഇതു സംബന്ധിച്ച ഫയലിൽ (MS 14934/23) രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തയ്യാറാക്കിയ ഭക്ഷ്യക്കിറ്റുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/17.1.2025) നഗരസഭയുടെ വാഹനത്തിൽ ഓഫീസ് അറ്റൻഡന്റ് മുഖേനയാണ് ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തിയതെന്നും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. വിതരണരേഖകളുടെ അഭാവത്തിൽ ഭക്ഷ്യക്കിറ്റുകൾ വാങ്ങിയതിനുള്ള ₹1,96,576 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 ഹരിതകർമസേനക്ക് ഫർണിച്ചർ- വാങ്ങൽ നടപടികളിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 28/24, ഹരിതകർമസേനക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹1,00,000 (നഗരസഞ്ചയ ഫണ്ട്) |
| ചെലവ് | ₹98,450 (ബിൽ നമ്പർ: 791/25-3-2024) |

ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫർണിച്ചറുകൾ വാങ്ങി നൽകുന്നതിന് നടപ്പിലാക്കിയ പ്രോജക്ട് ആണിത്. Woodlex Payyanur എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചറുകൾ വാങ്ങുന്നതിന് മേൽ ബിൽ പ്രകാരം ₹98,450 ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ (8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ) പ്രകാരം 50,000 രൂപയ്ക്ക് മുകളിലും 1,00,000 രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 1,00,000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുറഞ്ഞത് 5 പേരിൽ നിന്നെങ്കിലും ടെണ്ടറുകൾ ക്ഷണിക്കേണ്ടതും 4 മത്സരാധിഷ്ഠിത ടെണ്ടറുകൾ ഉറപ്പാക്കേണ്ടതുമാണെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽപട്ടിക പ്രകാരമുള്ള പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി ഹരിതകർമസേനക്ക് ഫർണിച്ചർ വാങ്ങുന്നതിനായി Standard Furniture Payyanur, Woodlex Payyanur, Quality Furniture Payyanur എന്നീ 3 സ്ഥാപനങ്ങളിൽ നിന്നുള്ള ടെണ്ടറുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. വാങ്ങൽ നടപടികളിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/15.1.25) ഇത്തരം അപാകങ്ങൾ ആവർത്തിക്കില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-38 ഡയാലിസിസ് കേന്ദ്രത്തിന്റെ ആവർത്തനച്ചെലവുകൾ- സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| പ്രൊജക്ട് നമ്പർ, പേര് | 438/24, ഡയാലിസിസ് കേന്ദ്രത്തിലെ ആവർത്തനച്ചെലവുകൾ |
| അടങ്കൽ | ₹12,00,000 (തനത് ഫണ്ട്)<br>₹23,00,000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)<br>ആകെ: ₹35,00,000 |
| ചെലവ് | ₹11,87,684 (തനത് ഫണ്ട്)<br>₹23,00,000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)<br>ആകെ: ₹34,87,684 |

പയ്യന്നൂർ താലൂക്ക് ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന ഡയാലിസിസ് കേന്ദ്രത്തിന്റെ മെയിന്റനൻസ്, കരാർ ജീവനക്കാർക്ക് വേതനം നൽകൽ തുടങ്ങിയ ചെലവുകൾക്കാവശ്യമായ തുകകൾ വകയിരുത്തുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണിത്. ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ റീഏജന്റ്സ് തുടങ്ങിയവ വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് ഫണ്ടിൽ നിന്നും ₹23,00,000 വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ഡയാലിസിസ് കേന്ദ്രത്തിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡയലിസിസ് ടെക്നീഷ്യൻ (2), സ്റ്റാഫ് നഴ്സ് (2), ക്ലീനിംഗ് സ്റ്റാഫ് (2) എന്നീ തസ്തികകളിലെ ജീവനക്കാർക്ക് മേൽ പ്രൊജക്ട് പ്രകാരം നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിച്ച് വേതനം നൽകിയിട്ടുമുണ്ട്. ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം 2 ഷിഫ്റ്റുകളാക്കി മാറ്റിയതിന്റെ ഭാഗമായി 2023 ജനുവരി മാസം മുതൽ 2 ഡയാലിസിസ് ടെക്നീഷ്യൻമാരെ കൂടി കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വേതനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആവർത്തനച്ചെലവ് വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്നും എന്നാൽ ആവർത്തനച്ചെലവ് സ്വന്തമായി കണ്ടെത്താവുന്ന വിധത്തിൽ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്നും സ.ഉ.(സാധാ)നം.1523/2023/ത.സ്വ.ഭ.വ, തീ.26.7.23 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/15.1.25) ആരോഗ്യവകുപ്പിൽ നിന്നും ഡയാലിസിസ് കേന്ദ്രത്തിലെ ആവർത്തന ചെലവുകൾക്ക് യാതൊരു തുകയും അനുവദിച്ചിട്ടില്ലെന്നും ആയതിനാൽ പ്രവർത്തന ചെലവുകൾക്ക് നഗരസഭാ ഫണ്ടുകളാണ് അനുവദിക്കുന്നതെന്നും മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. നഗരസഭാ ഫണ്ടുകൾ ആവർത്തനച്ചെലവുകൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകളൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആരോഗ്യ സുരക്ഷ, സാന്ത്വന ചികിത്സ എന്നിവ നഗരസഭയുടെ ചുമതലകളിൽ ഉൾപ്പെടുന്നതിനാൽ ഡയാലിസിസ് കേന്ദ്രത്തിന്റെ ആവർത്തനച്ചെലവുകൾക്കായുള്ള ഫണ്ടുകൾ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാ ഫണ്ടുകൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 പൊതു ഇടങ്ങളിൽ സിസിടിവി സ്ഥാപിക്കൽ-പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ- ₹9,49,428യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 373/24, പൊതു ഇടങ്ങളിൽ മാലിന്യനിക്ഷേപം തടയുന്നതിന് സിസിടിവി സ്ഥാപിക്കൽ- ഒന്നാം ഘട്ടം |
| ആകെ അടങ്കൽ | ₹ 10,00,000 (നഗര സഞ്ചയ) |
| ആകെ ചെലവ് | ₹ 9,49,428 |
| ബിൽ നമ്പർ/തീയതി | 135 /24-8-2023 |

നഗരസഭയിലെ വിവിധ ഇടങ്ങളിൽ മാലിന്യനിക്ഷേപം തടയുന്നതിന് സിസി ടിവി സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ

പ്രോജക്ടാണിത്. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി കൈമാറിയിട്ടുള്ളത്. പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസി എന്ന നിലയിലാണ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) എന്ന സ്ഥാപനത്തിന് പ്രവൃത്തി കൈമാറിയിട്ടുള്ളതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഫയൽ നമ്പർ H2 - 1887/23). സി.സി.ടി.വി സ്ഥാപിക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തെ അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്ത സർക്കാർ ഉത്തരവ് (ജി.ഒ. (പി)104 /2022/ഫിൻ, തീയതി 2.9.22) പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് SILK നെ ഇലക്ട്രോ മെക്കാനിക്കൽ വർക്ക്സ് (PMC) നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി Enlist ചെയ്തിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ പ്രവൃത്തികളുടെ നിർവഹണത്തിനായി അക്രഡിറ്റഡ് ഏജൻസികളെ PMC അടിസ്ഥാനത്തിൽ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ ധനവകുപ്പിന്റെ ഉത്തരവിൽ നിർദ്ദേശിക്കുന്നതു പോലെ ബിഡ്ഡിംഗ്/ലിമിറ്റഡ് ടെൻഡർ പോലുള്ള നടപടിക്രമങ്ങൾ പാലിക്കണമെന്ന് ഡിഎ1/168/2021/ത.സ്വ.ഭ.വ, തീ. 7.8.2021, ഡി.എ 1/56/2022/ത.സ്വ.ഭ.വ, തീയതി 13.3.22 എന്നീ സർക്കുലറുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ബിഡ്ഡിംഗ് നടപടിക്രമങ്ങൾ കൂടാതെ മേൽ പ്രവൃത്തി SILKനെ നേരിട്ട് ഏൽപ്പിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

**2.** പി എം സി എന്ന നിലയിൽ 8% സെന്റേജ് ചാർജ് കൂടി ഉൾപ്പെടുത്തിയ 9,97,855 രൂപയുടെ എസ്റ്റിമേറ്റ് ആണ് പ്രോജക്ടിനായി SILK തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. പ്രവൃത്തിക്കുശേഷം ഇൻവോയ്സ് നമ്പർ PED/23-24/R/67 തീ. 6.7.2023 പ്രകാരം SILK തയ്യാറാക്കിയ 9,49,428 രൂപയുടെ ബിൽ പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവഹിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ സൂപ്പർ വിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ചെയ്തു നൽകേണ്ടതാണെന്ന് തദ്ദേശഭരണ (എസി) വകുപ്പിന്റെ 1.8.18ലെ എസി3/163/2017/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിർവഹണം നടത്തിയ പ്രവൃത്തിയുടെ മൂല്യം നിർണയിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി. എസ്. ടി. ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1% SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.കൂടാതെ 1961 ലെ ആദായനികുതി നിയമത്തിലെ 196(സി) വകുപ്പ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് 2% ഐ.ടി ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. എന്നാൽ 9,49,428 രൂപ ബിൽ നമ്പർ 135/24.8.23 പ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് അനുവദിച്ചപ്പോൾ ജി.എസ് ടി, ആദായനികുതി തുടങ്ങിയ നിയമാനുസൃത കിഴിവുകൾ നടത്തി പ്രസ്തുത വകുപ്പുകളിലേക്ക് ഒടുക്കിയിട്ടില്ല.

4. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.11 2021 ലെ ഡി.എ.1/317/2021/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ ഇത്തരം പ്രോജക്ടുകൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ പ്രവർത്തനക്ഷമതയും ഇതിന്റെ സഹായത്തോടെയുള്ള മോണിറ്ററിംഗും തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണമെന്നും സി.സി.ടി.വി യുടെ വില, ഗുണനിലവാരം എന്നിവ സംബന്ധിച്ച് പരിശോധന നടത്തണമെന്നും സി.സി.ടി.വി സ്ഥാപിക്കുമ്പോൾ അതിന്റെ മോണിറ്ററിംഗിൽ പോലീസ് സ്റ്റേഷനെ കൂടി ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് റസിഡൻഡ് അസോസിയേഷൻ, സമീപമുള്ള കടകൾ, മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണവും സാമ്പത്തികമായി ചെറിയ തോതിലെങ്കിലും മുള്ള പങ്കാളിത്തവും ഉറപ്പുവരുത്തണമെന്നും സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടിനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/15.1.25) പ്രവൃത്തി നിർവഹണം നടത്തിയ നിർവഹണ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കുന്നതാണെന്നാണ് നിലവിലുള്ള ഹെൽത്ത് ഓഫീസർ മറുപടി നൽകിയത്. മറുപടിയുടേയും രേഖകളുടെയും അഭാവത്തിൽ ₹9,49,428 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 പി.എം.എ.വൈ ഭവനനിർമ്മാണം - നിർവ്വഹണത്തിലെ അപാകങ്ങൾ - ₹20,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭയിലെ പി എം എ വൈ ഭവനനിർമ്മാണ പദ്ധതികൾക്കായി തയ്യാറാക്കിയ 2 പ്രോജക്ടുകളിലായി

താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ. | |
| പ്രോജക്ട് നമ്പർ, പേര് | 43/24, സമ്പൂർണ്ണ ഭവന പദ്ധതി- പി എം എ വൈ- ലൈഫ് വിഹിതം | 38/24, സമ്പൂർണ്ണ ഭവന പദ്ധതി പി എം എ വൈ- ലൈഫ് (SC) വിഹിതം |
| അടങ്കൽ | ₹30,00,000 വികസനഫണ്ട് (പൊതുവിഭാഗം) | ₹25,00,000 വികസനഫണ്ട് (SCP) |
| ചെലവ് | ₹15,00,000 | ₹5,00,000 |
| ബിൽ നം/ തീയതി/തുക. (എ.സി.ആർ. പ്രകാരം) | 168/7.10.23 ₹5,00,000<br>400/8.2.24 ₹1,00,000<br>401/8.2.24 ₹1,00,000<br>402/8.2.24 ₹1,00,000<br>403/8.2.24 ₹1,00,000<br>404/8.2.24 ₹1,00,000<br>405/8.2.24 ₹1,00,000<br>406/8.2.24 ₹1,00,000<br>419/8.2.24 ₹1,00,000<br>423/8.2.24 ₹1,00,000<br>424/8.2.24 ₹1,00,000 | 437/14.2.24 ₹1,00,000<br>438/14.2.24 ₹1,00,000<br>439/14.2.24 ₹1,00,000<br>440/14.2.24 ₹1,00,000<br>441/14.2.24 ₹1,00,000 |

പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രോജക്ടുകളുടെ ഭാഗമായി ട്രഷറിയിലെ അക്കൌണ്ടിൽ നിന്നും പിൻവലിച്ച തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകാതെ നഗരസഭാസെക്രട്ടറിയുടെ 07450100123 എന്ന അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുകകൾ തൻവർഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് 177/2006/Fin തീ.12.4.2006 പ്രകാരം ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ വികസനഫണ്ടിൽ നിന്നും തുക മുൻകൂർ പിൻവലിക്കാൻ പാടില്ല.

2. പി എം എ വൈ ഭവന നിർമ്മാണത്തിനായി 2022-23 വർഷത്തിൽ തയ്യാറാക്കിയ പ്രോജക്ട് നം. 252/23, 380/23 എന്നിവ പ്രകാരം യഥാക്രമം ₹ 56,95,000, ₹ 10,93,115 വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്നതായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളിലെ ഗുണഭോക്താക്കൾക്ക് 2023-24 വർഷത്തിൽ എത്ര തുക കൈമാറിയിട്ടുണ്ടെന്നതിന്റെ വ്യക്തമായ രേഖകളില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/17.1.25) മേൽ പദ്ധതിയിൽ പറയുന്ന ഭവന നിർമ്മാണം അതാത് സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കി ധനസഹായം അനുവദിക്കാൻ സാധിക്കാത്തതിനാൽ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകകൾ പ്രസ്തുത സാമ്പത്തിക വർഷം പിൻവലിച്ച് നഗരസഭയിൽ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള നഗരസഭാസെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് വീടുനിർമ്മാണത്തിന്റെ ഓരോ ഘട്ടം പൂർത്തിയാകുന്ന മുറക്ക് ആയത് ജിയോ ടാഗ് ചെയ്യുകയും എഞ്ചിനീയറിംഗ് വിഭാഗം അംഗീകരിക്കുകയും ചെയ്തതിന് ശേഷം മാനദണ്ഡപ്രകാരം തുക അനുവദിക്കുകയാണ് ചെയ്തുവരുന്നതെന്ന് പ്രോജക്ട് ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. പി എം എ വൈ ഭവന നിർമ്മാണത്തിനായി തയ്യാറാക്കിയ 2022 -23 വർഷത്തെ പ്രോജക്ടുകൾ പ്രകാരം ജനറൽ, എസ് സി പ്രോജക്ടുകളിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന തുകകൾ 2023-24 വർഷത്തിൽ ചെലവഴിച്ചതായും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ വികസന ഫണ്ട്

മുൻകൂർ പിൻവലിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മാത്രവുമല്ല വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നിവ പിൻവലിച്ച് ഒറ്റ അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്നത് പ്രസ്തുത ഫണ്ടുകൾ നിർദിഷ്ട വിഭാഗത്തിന് തന്നെ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനാകാത്ത അവസ്ഥയും സൃഷ്ടിക്കുന്നതാണ്. നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള PMAY അക്കൗണ്ടിൽ 31.3.2024 പ്രാബല്യത്തിൽ 1,36,28,491 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയിൽ ജനറൽ വിഭാഗത്തിനും എസ്.സി. വിഭാഗത്തിനും വേണ്ടി പിൻവലിച്ച തുകകൾ ഏതൊക്കെ ഗുണഭോക്താക്കൾക്ക് നൽകാനുള്ളതാണെന്നതിന്റെ വ്യക്തമായ കണക്ക് രജിസ്റ്ററുകളിൽ നിന്ന് ലഭ്യമായിട്ടില്ല. വിവിധ വർഷങ്ങളിൽ ഇപ്രകാരം പിൻവലിച്ച് അക്കൌണ്ടിൽ സൂക്ഷിച്ചതിൽ അവശേഷിക്കുന്ന തുകയിൽ ജനറൽ വിഭാഗത്തിനും എസ്.സി. വിഭാഗത്തിനും നൽകാനുള്ളതിന്റെ വേർതിരിച്ച കണക്കുകൾ തയ്യാറാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ചതിന് സർക്കാർ അനുമതി വാങ്ങേണ്ടതുമാണ്. അപാകങ്ങളുടെ അടിസ്ഥാനത്തിൽ തൻവർഷത്തെ ഈയിനത്തിലുള്ള ₹20,00,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-41 ഹഡ്കോയിൽ നിന്നും എടുത്ത വായ്പ തുക വിനിയോഗിക്കാതെ പലിശ അടക്കം നിഷ്ക്രിയമായി അക്കൗണ്ടിൽ കിടക്കുന്നു.</u>

2023-24 വർഷം നഗരസഭ ഹഡ്കോയിൽ നിന്നും 78,40,000 രൂപ വായ്പ എടുത്തിട്ടുണ്ട്. 07-12-2023 ന് ഐ സി ഐ സി ഐ ബാങ്ക് അക്കൌണ്ടിൽ (A/C No.074501002511) ക്രെഡിറ്റായ പ്രസ്തുത തുക 2023-24 സാമ്പത്തിക വർഷം വിനിയോഗിച്ചിട്ടില്ല. ടി അക്കൌണ്ടിൽ 14-01-2025 ൽ നീക്കിയിരിപ്പായി 81,37,473 രൂപയുണ്ട്. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം ഈ വായ്പ തുക കൂടാതെ ICICI (PMAY) NEW എന്ന അക്കൗണ്ടിൽ പി എം എ വൈ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി 31-03-2024 തീയതിയിൽ 13628656 രൂപയും നീക്കിയിരിപ്പുണ്ട്. 31-03-2023 തീയതിയിൽ പ്രസ്തുത അക്കൗണ്ടിൽ 2,48,53,184 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. ഇപ്രകാരം 2022-23 വർഷത്തെ നീക്കിയിരിപ്പായി രണ്ട് കോടി രൂപയിൽ അധികം ഉണ്ടെന്നിരിക്കെ 2023-24 വർഷത്തെ ഗുണഭോക്താക്കൾക്ക് നൽകാൻ ₹78,40,000 വീണ്ടും വായ്പ എടുത്ത് നിഷ്ക്രിയമായി അക്കൗണ്ടിൽ നീക്കിബാക്കിയാക്കിയത് ഉചിതമായ നടപടിയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18-01-2025) 2023-24 വർഷം ലോണിന് അപേക്ഷിക്കുന്ന സമയത്ത് നഗരസഭയിലെ പി എം എ വൈ പദ്ധതിയുടെ അക്കൗണ്ടിൽ എസ് സി വിഭാഗത്തിന് നീക്കിവെച്ച ഫണ്ട് മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളുവെന്നും ലോൺ ലഭ്യമാകുന്നതിന് മുമ്പെ തന്നെ ജനറൽ, ഒബിസി വിഭാഗത്തിനായി നീക്കി വെച്ച ഫണ്ട് ലഭ്യമായതിനാൽ ലോൺ തുക ഇതുവരെയും വിനിയോഗിക്കേണ്ടിവന്നിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി ഒ (എം എസ്) നം. 68/2018/തസ്വഭവ, തീയതി 18-05-2018 പ്രകാരം ഭവനവായ്പയുടെ മുതൽ (Principal) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നു തന്നെ കുറവ് വരുത്തുകയും പലിശ സർക്കാർ നേരിട്ട് ഹഡ്കോയ്ക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം വായ്പ എടുത്തതിനാൽ സർക്കാരിന് പലിശ ഇനത്തിൽ തുക ഒടുക്കേണ്ടിവന്നിട്ടുണ്ട്. നഗരസഭ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ട വികസന ഫണ്ടിൽ നിന്നുമാണ് വായ്പ തിരിച്ചടവ് വരുന്നത് എന്ന കാര്യം കൂടി പരിഗണിച്ച് യഥാർത്ഥത്തിൽ ആവശ്യമായ വായ്പയ്ക്ക മാത്രം അപേക്ഷ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-42 റിംഗ് കമ്പോസ്റ്റ് വിതരണം -മാർഗരേഖയിലെ നിർദ്ദേശങ്ങളിൽ നിന്നും വ്യതിയാനം- സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.</u>

(ഫയൽ നമ്പർ-H2-11866/23)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ, പയ്യന്നൂർ നഗരസഭ. |
| പ്രോജക്ട് നമ്പർ, പേര് | 376/24, റിംഗ് കമ്പോസ്റ്റ് വിതരണം |
| അടങ്കൽ | ₹ 49,67,599(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹ 33,07,001 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹ 62,00,000 (നഗര സഞ്ചയ)<br>ആകെ: ₹ 1,44,74,600 |

| | |
|---|---|
| ചെലവ് | ₹ 40,16,512 ( കേന്ദ്രാവിഷ്കൃത ഫണ്ട് )<br>₹26,73,850 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹ 59,92,290 (നഗര സഞ്ചയ)<br>ആകെഃ ₹ 1,26,82,652 |
| ബിൽ നമ്പർ/തീയതി, തുക | 185/17.10.23 ₹754688<br>186/17.10.23 ₹502406<br>187/17.10.23 ₹899156<br>201/14.11.23 ₹1743329<br>202/14.11.23 ₹1160559<br>203/14.11.23 ₹2077051<br>276/20.12.23 ₹1518495<br>277/20.12.23 ₹1010885<br>278/20.12.23 ₹1809181<br>57/26.6.23 ₹1206902 |

പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു

**1.**പ്രോജക്ടിന്റെ യഥാർത്ഥ ചെലവ് തുകയും സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല

മേൽ പദ്ധതിയുടെ ഭാഗമായി SOCIO ECONOMIC UNIT FOUNDATION കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് 3750 രൂപ നിരക്കിൽ 3832 റിംഗ് കമ്പോസ്റ്റുകൾ വാങ്ങി വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിലയായി വിവിധ ബില്ലുകൾ പ്രകാരം ₹1,43,70,000 സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിനായി ₹12682652 ചെലവഴിച്ചതിന്റെ വിവരങ്ങൾ മാത്രമാണ് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 13.07.2023-ൽ കൈമാറിയ ₹1012988 (കേന്ദ്രാവിഷ്കൃത ഫണ്ട് – Co72323864769/13.7.23), ₹674360 സംസ്ഥാനവിഷ്കൃതഫണ്ട് – Co72323863278/13.07.23 എന്നീ തുകകൾ സുലേഖ സോഫ്റ്റ് വെയറിൽ ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.14/15-1-2025)ക്ക് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പ്രസ്തുത ചെലവ് നടന്നിട്ടുണ്ടെന്നും സ്ഥാപനം മേൽ തുകകൾ കൈപ്പറ്റിയതിന്റെ രശീതികൾ ഫയലിൽ ലഭ്യമാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മേൽ വിവരവും അനുബന്ധ രേഖകളും സഹിതം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് സുലേഖ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അപാകം പരിഹരിക്കേണ്ടതും ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**2)** പദ്ധതി മാർഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമ ുള്ള ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല

'റിംഗ് കമ്പോസ്റ്റ് വിതരണം' എന്ന പദ്ധതിയുടെ ഭാഗമായി SOCIO ECONOMIC UNIT FOUNDATION കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് 3750 രൂപ നിരക്കിൽ 3832 റിംഗ് കമ്പോസ്റ്റ് വാങ്ങി വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീയതി 28.5.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.8(എ) 1-ൽ ഗാർഹിക റിംഗ് കമ്പോസ്റ്റുകൾക്ക് ഗുണഭോക്തൃവിഹിതമായി 10% തുക ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കാതെ 100 ശതമാനം സബ്സിഡി നിരക്കിൽ റിംഗ് കമ്പോസ്റ്റ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/15-1-2025) സ്വച്ഛ് ഭാരത് മിഷൻ (നഗരം) മാർഗരേഖ പ്രകാരം ഖരമാലിന്യസംസ്കരണത്തിന് തയ്യാറാക്കിയ ഡി പി ആറിൽ ഉൾപ്പെട്ട പദ്ധതിയാണ് പ്രോജക്ട് നമ്പർ 376/24 പ്രകാരമുള്ള 'റിങ് കമ്പോസ്റ്റ് വിതരണം' എന്നും ഇത്തരം പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം നിർബന്ധമല്ലെന്നുള്ള തദ്ദേശഭരണ(ഡി.സി.) വകുപ്പിന്റെ 6.7.2020 ലെ ജി.ഒ.(ആർ ടി) നം. 1337/2020/എൽ.എസ്.ജി.ഡി ഉത്തരവുപ്രകാരമാണ് ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ജില്ലാ ശുചിത്വമിഷൻ കോർഡിനേറ്ററുടെ 15.3.2023ലെ S. 202/എ/ഡിഎസ്എം/2023 തീയതി 15.3.2023 ഉത്തരവനുസരിച്ച് 2022-23-ലെ മേൽ പ്രോജക്ടിനായി (524/23) താഴെ ചേർത്ത പ്രകാരമാണ് സാങ്കേതിക അനുമതി നൽകിയിട്ടുള്ളത്.

| റിങ് കമ്പോസ്റ്റ്-എണ്ണം | യൂണിറ്റ് നിരക്ക് | ആകെ തുക | GST തുക | അടങ്കൽ തുക | ശുചിത്വ മിഷൻ വിഹിതം | തദ്ദേശസ്ഥാപന വിഹിതം |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | Central Share | State Share | |
| 3857 | 3350 | 12920950 | 1550514 | 14471464 | 4967599 | 3307001 | 6196864 |

സാങ്കേതിക അനുമതി നൽകിയ മേൽഉത്തരവിൽ ഗുണഭോക്തൃവിഹിതം ഈടാക്കാൻ നിർദ്ദേശിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.115/2022/ത.സ്വ.ഭ.വ, തീ.28.5.22) യിലെ അനുബന്ധം 3 അനുസരിച്ച് റിംഗ് കമ്പോസ്റ്റ് യൂണിറ്റ് കോസ്റ്റ് 3750 രൂപ നിരക്കിൽ നിശ്ചയിച്ചിട്ടുണ്ട്. 10% ഗുണഭോക്തൃ വിഹിതം ഈടാക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖയിലെ ഖ. 6-8(1) ൽ നിർദ്ദേശിച്ചിട്ടുണ്ട്. റിംഗ് കമ്പോസ്റ്റ് സാങ്കേതിക അനുമതി നൽകിയ ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്ററുടെ ഉത്തരവിലും പദ്ധതിയുടെ നിർവഹണത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും കൃത്യമായി പാലിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. മാത്രവുമല്ല ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതില്ലെന്ന് പരാമർശിച്ച മേൽ ഉത്തരവ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ വരുന്നത് വരെയാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയതിനാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ 2023-24 പദ്ധതി കാലയളവിൽ പ്രസക്തമല്ല. ആയതിനാൽ പദ്ധതി മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കാതെ ഗുണഭോക്തൃവിഹിതം ഒഴിവാക്കി സാങ്കേതിക അനുമതി നൽകിയ ശുചിത്വമിഷനുമായി ബന്ധപ്പെട്ട് മേൽ വിഷയത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃവിഹിതം ഈടാക്കുന്നത് സംബന്ധിച്ച വ്യക്തത വരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-43 കവ്വായി പാർക്കിൽ കുടുംബശ്രീ ഫുഡ് കിയോസ്ക് -നിർവഹണത്തിലെ അപാകങ്ങൾ - ₹15,715 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ, പേര് | 360/24, കവ്വായി പാർക്കിൽ കുടുംബശ്രീ ഫുഡ് കിയോസ്ക് |
| അടങ്കൽ | ₹96,080 (വികസനഫണ്ട്-ജനറൽ ) |
| ചെലവ് | ₹15,715 (187/27.10.2023 ) |

കവ്വായി പാർക്കിൽ നിർമ്മിച്ച കുടുംബശ്രീ ഫുഡ് കിയോസ്കിന് ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. 2020-21 വർഷത്തെ 67/21 -ാം നമ്പർ പ്രോജക്ട് പ്രകാരം ആസൂത്രണം ചെയ്ത കിയോസ്കിന്റെ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/17.1.2025) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. 5.8.2022 ന് നടന്ന സിഡിഎസ് യോഗതീരുമാനപ്രകാരം കവ്വായി പാർക്കിൽ കിയോസ്ക് സ്ഥിതി ചെയ്യുന്ന എഡിഎസിലെ അയൽക്കൂട്ടങ്ങളിൽ നിന്ന് കിയോസ്ക് നടത്തിപ്പിന് താത്പര്യമുള്ള അയൽക്കൂട്ടഅംഗങ്ങളെ കണ്ടെത്തുന്നതിന് തീരുമാനിച്ചതായും 6.11.2022ലെ എഡിഎസ് യോഗതീരുമാനപ്രകാരം ജമീല സി എം, രജനി പി സി എന്നീ രണ്ട് കുടുംബശ്രീ പ്രവർത്തകരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളെ അതത് വാർഡ് സഭകളും നഗരസഭ കൗൺസിലും അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കിയോസ്കിന്റെ പ്രവർത്തനം തുടങ്ങുന്നതിനുമുമ്പ് വ്യവസ്ഥകൾ ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടില്ല. കരാർ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് അതത് വാർഡ് സഭകളും നഗരസഭ കൗൺസിലും അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാലും കരാർ ചമക്കാതെ തുക ചെലവഴിച്ചതിനാലും കിയോസ്കിനായുള്ള തൻവർഷത്തെ ₹15,715 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-44 പി.എം എ വൈ ഭവന നിർമ്മാണം -പൂർത്തിയാക്കാത്തവ - നടപടികൾ സ്വീകരിക്കേണ്ടതാണ്.**

പി.എം.എ.വൈ. പദ്ധതിയിൽ ഭവന നിർമ്മാണം ആരംഭിച്ച താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ പ്രകാരമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഗുണ ഭോക്താക്കളുടേയും കൈപ്പറ്റിയ ധനസഹായത്തിന്റെയും വിവരം ചുവടെ ചേർക്കുന്നു. (2023-24-ൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | തുക/തീയതി | ആകെ തുക (₹) |
|---|---|---|---|---|
| 1 | റിജേഷ് അരമന | 9 | 40000/3.8.19<br>160000/18.9.19<br>160000/17.2.20 | 360000 |
| 2 | പ്രദീപൻ ടി.വി | 39 | 30000/26.7.17 | 30000 |
| 3 | റമീഷ് സി | 23 | 25000/15.5.18<br>100000/29.12.18 | 125000 |
| 4 | സുലൈഖ യു | 31 | 25000/15.5.18 | 25000 |
| 5 | ഗംഗാധരൻ സി | 1 | 25000/6.6.18<br>160000/21.5.19<br>50000/9.6.20<br>110000/22.7.21 | 345000 |
| 6 | കുഞ്ഞിമൊയ്തീൻ എം | 13 | 25000/24.6.18<br>100000/18.12.18<br>50000/15.3.19<br>110000/15.10.19 | 285000 |
| 7 | വിജയൻ ഡി | 20 | 25000/16.6.18<br>160000/4.3.21<br>80000/10.2.22<br>80000/21.7.22 | 345000 |
| 8 | രവീന്ദ്രൻ ടി.വി | 6 | 25000/9.8.18<br>100000/29.12.18<br>160000/22.7.21 | 285000 |
| 9 | കാർത്യായനി ടി.വി | 7 | 25000/9.10.18<br>10000/21.3.19<br>50000/21.5.19<br>110000/7.11.19 | 195000 |
| 10 | ദേവകി കൊയ്യോൻ | 32 | 25000/18.12.18 | 25000 |
| 11 | പുഷ്പ വി | 31 | 25000/12.12.18 | 25000 |
| 12 | രാധാമണി പി | 6 | 40000/19.3.19<br>160000/30.9.20<br>80000/10.2.22<br>80000/17.4.22 | 360000 |
| 13 | വി.വി കമലാക്ഷി | 7 | 40000/19.3.19<br>160000/1.7.19<br>50000/15.10.19<br>110000/10.12.18 | 360000 |
| 14 | ബാലാമണി പി | 33 | 40000/19.3.19<br>160000/23.11.20 | 200000 |
| 15 | സുജന സി | 32 | 40000/19.3.19 | 280000 |

| | | | | |
|---|---|---|---|---|
| | | | 80000/27.9.22<br>80000/17.4.23<br>80000/6.3.23 | |
| 16 | അനൂപ് കെ | 32 | 40000/19.3.19 | 40000 |
| 17 | പ്രസന്ന സി | 5 | 40000/10.6.19 | 40000 |
| 18 | ചന്ദ്രശേഖരൻ കെ | 32 | 40000/1.7.19<br>160000/3.2.21 | 200000 |
| 19 | വിശ്വംഭരൻ കെ | 32 | 40000/17.2.20 | 40000 |
| 20 | വസന്ത എൻ.കെ | 17 | 40000/17.2.24<br>160000/30.9.20 | 200000 |
| 21 | നസീമ വി | 25 | 40000/9.6.20 | 40000 |
| 22 | ലക്ഷ്മണൻ കെ | 9 | 40000/4.1.21<br>160000/8.10.21<br>80000/11.5.22<br>80000/21.7.22 | 360000 |
| 23 | മഞ്ജു ഇ | | 40000/4.1.21<br>160000/3.2.21<br>160000/22.7.21 | 360000 |
| 24 | ശൈലജ ടി | 14 | 40000/4.1.21 | 40000 |
| 25 | കാർത്യായനി കെ | 12 | 40000/4.1.21<br>160000/22.7.21<br>80000/10.2.22<br>80000/21.7.22 | 360000 |
| 26 | അനശ്രീ വി.വി | 26 | 40000/4.1.21<br>160000/22.7.21<br>80000/10.2.22<br>80000/21.7.22 | 360000 |
| 27 | ഷൈമ വി | 3 | 40000/4.1.21<br>80000/19.3.22<br>80000/21.7.22<br>80000/27.9.22<br>80000/19.1.23 | 360000 |
| 29 | രഞ്ജിനി കെ.പി | 20 | 40000/4.3.21<br>80000/27.9.22<br>80000/9.1.23 | 200000 |
| 30 | രജീഷ് എം.വി | 11 | 40000/10.2.22<br>80000/11.5.22<br>80000/23.6.22<br>80000/26.11.22<br>80000/19.1.23 | 360000 |
| 31 | കൃഷ്ണപ്രവീൺ കെ.പി | 11 | 40000/10.2.22<br>80000/11.5.22<br>80000/21.7.22 | 200000 |
| 32 | സന്തോഷ് സി | 3 | 40000/10.2.22 | 40000 |
| 33 | ഷഹന കെ | 32 | 40000/10.2.22 | 40000 |
| 34 | വേണുഗോപാൽ കെ.വി | 3 | 40000/10.2.22<br>80000/11.5.22<br>80000/21.7.22<br>80000/27.9.22 | 360000 |

| | | | | |
|---|---|---|---|---|
| | | | 80000/19.1.23 | |
| 35 | ഉഷ കെ | 32 | 40000/10.2.22 | 40000 |
| 36 | വേണു കെ | 32 | 40000/10.2.22 | 40000 |
| 37 | ശരത്കുമാർ ടി.കെ | 3 | 40000/10.2.22 | 40000 |
| 38 | ശരത്കുമാർ | 6 | 40000/10.2.22 | 40000 |
| 39 | വിനു സി | 32 | 40000/10.2.22 | 40000 |

ഭവനനിർമ്മാണത്തിന്റെ ആദ്യഗഡു മാത്രം കൈപ്പറ്റിയ 15 ഗുണഭോക്താക്കളുടെ പേരുകൾ മേൽപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. മേൽപ്പട്ടികയിലെ മുഴുവൻ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (51/21.1.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ ഗുണഭോക്താക്കളുടേയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക ഇവരിൽ നിന്നും തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 ഹൈമാസ്റ്റ് സ്ട്രീറ്റ് ലൈറ്റിന്റെ എ.എം.സി-ടാക്സ് കിഴിവു ചെയ്യാത്തത്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 463/24, ഹൈമാസ്റ്റ് സ്ട്രീറ്റ് ലൈറ്റിന്റെ എ.എം.സി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | ₹15,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹13,59,442 ബിൽ നമ്പർ: 806 /26-03-2024 |
| എഗ്രിമെന്റ് നമ്പർ/ തീയതി | 182/23-24/16.3.24 |

സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് വഴി നടപ്പിലാക്കിയ ഹൈമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കുന്നതിനും (3 എണ്ണം) ഹൈമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് പരിപാലിക്കുന്നതിനും വേണ്ടിയുള്ളതാണ് മേൽ പ്രോജക്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി തനതു ഫണ്ടിൽ നിന്ന് ₹13,59,442 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിക്കുമ്പോൾ ഇൻകം ടാക്സ്,ജി.എസ്.ടി എന്നീ ഇനങ്ങളിൽ തുക കുറവു ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/20.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സി.ജി.എസ്.ടി. ആക്ട് 2017, എസ്.ജി.എസ്.ടി. ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി. ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിന് ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഒഴികെയുള്ള തുകയുടെ 2 ശതമാനം ജി.എസ്.ടി, ടി.ഡി.എസ് (1% CGST+1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക അനുവദിക്കുമ്പോൾ ബില്ലിൽ നിന്ന് ഈ ഇനത്തിൽ തുക കിഴിവ് ചെയ്തിട്ടില്ല. ഇതുപോലെ ഇൻകം ടാക്സ് ഇനത്തിലും (1961-ലെ ആദായ നികുതി നിയമം, സെക്ഷൻ 194 സി പ്രകാരം) തുക ഈടാക്കിയിട്ടില്ല. തുക ഈടാക്കേണ്ടതാണ്.

## 1-46 കരാറുകാരനു നല്കുന്ന ലെറ്റർ ഓഫ് ആക്സപ്റ്റൻസിൽ നിർദ്ദേശിച്ചതു പ്രകാരം ഇൻഷൂർ ചെയ്യുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാരനു നല്കുന്ന ലെറ്റർ ഓഫ് ആക്സപ്റ്റൻസിൽ ആറാമത്തെ നിബന്ധനയായി You (Contractor) Are Requested To Take An Insurance Cover For This Work For An Amount Of ₹ 2,00,000 And Submit The Same Within 15 Days Of Start Of Work Subjected To The Provisions Provided In The Bid Document.0.2%Of The Contract Amount Will Be Deducted In The

